# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോട്ടയം-686001**

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി.17/179/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 12/03/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി

സർ,

**വിഷയം : ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ)
2)റീജിയണൽ ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം
3)കാര്യാലയ കോപ്പി

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി.17/179/24 തീയ്യതി: 12/03/2024

## കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട മുനിസിപാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.**)**

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 30-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-01-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു സി ജോർജ്ജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 15-01-2024 | 24-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-01-2024 | 24-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സജി പി ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ഡാനിമോൾ കെ ജെ, ഓഡിറ്റ് ഓഫീസർ

രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

അമ്പിളി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

രഞ്ജിത് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

കൃഷ്ണപ്രിയ എസ്,ഓഡിറ്റർ

സിനിമോൾ എബ്രഹാം, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സുഹ്റ അബ്ദുൽഖാദർ | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| സുമയ്യ ബീവി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രമ്യ ആർ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ജെസ്സി സി കാപ്പൻ | സീനിയർ വെറ്റിനറി സർജൻ | 01-04-2022 | 04-01-2023 |
| ഡോ. അജിൻ ജോസ് | സീനിയർ വെറ്റിനറി സർജൻ | 05-01-2023 | 31-03-2023 |
| ഡോ. ജോസഫ് കെ എം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ. മഞ്ജി മാത്യു പവ്വത്തിൽ | മെഡിക്കൽ ഓഫീസർ, എഫ് .എച്ച്.സി | 01-04-2022 | 05-05-2022 |
| ഡോ. രശ്മി പി ശശി | മെഡിക്കൽ ഓഫീസർ, എഫ് .എച്ച്.സി | 06-05-2022 | 31-03-2023 |
| മിനി ജോസഫ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഷൈജ്ജ ടി എസ് | പ്രിൻസിപ്പൽ, ഗവ. എച്ച് എസ് എസ് | 01-04-2022 | 31-03-2023 |
| ജോളി കെ വി | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2022 | 23-12-2022 |
| സാന്ദ്ര ബൈജ്ജ | മുനിസിപ്പൽ എഞ്ചിനീയർ | 24-12-2022 | 31-03-2023 |
| നാസർ സി എ | ഹെൽത്ത് ഇൻസ്പെക്ടർ (പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ) | 01-04-2022 | 09-02-2023 |
| ഗോപകുമാർ എം എൻ | ഹെൽത്ത് ഇൻസ്പെക്ടർ (പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ) | 10-02-2023 | 31-03-2023 |

കുറിപ്പ് - 2022-23 വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നിർവ്വഹിക്കേണ്ടിയിരുന്ന പ്രോജക്ടുകൾ പ്രിൻസിപ്പൽ, ഗവ. എച്ച് എസ് എസ് ആണ് നിർവ്വഹണം നടത്തിയിട്ടുള്ളത്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമല്ല | 1-1-1 |
| 3 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് വിവരങ്ങൾ ഒറ്റ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു | 1-1-2 |
| 4 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-1-4 |
| 6 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-6 |
| 8 | ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ കൃത്യത വ്യക്തമാക്കിയിട്ടില്ല | 1-1-7 |
| 9 | ഡിമാന്റ് രജിസ്റ്ററുകളിൽ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല. | 1-1-8 |
| 10 | വസ്തുനികുതി ഡിമാന്റ്-കളക്ഷൻ–ബാലൻസ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | KURDFC വായ്പ തിരിച്ചടവ് വായ്പ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. | 1-1-10 |
| 12 | നഗരസഭ ജീവനക്കാരുടെ തൊഴിൽ നികുതി റസീപ്റ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-11 |
| 13 | അഡ്വാൻസ് നൽകിയ തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-12 |
| 14 | കെ എസ് ഇ ബിയിൽ നിക്ഷേപിച്ച തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-13 |
| 15 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-14 |
| 16 | ഗുണഭോക്തൃ വിഹിതം ചെലവായ തുക വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. | 1-1-15 |
| 17 | തൊഴിൽ രഹിത വേതനം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-16 |
| 18 | Prior Period ആയി ക്രമീകരിച്ച തുകയുടെ വിശദാംശം ലഭ്യമല്ല | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | സാമ്പത്തിക വിശകലനം | 1-3 |
| 21 | ഗ്രാന്റ് വിനിയോഗം | 1-4 |
| 22 | വാർഷികപദ്ധതി അവലോകനം | 1-5 |
| 23 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 24 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 1-7 |
| 25 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 26 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 28 | നഗരസഭയുടെ സാമ്പത്തികസ്ഥിതി - അവലോകനം | 1-11 |
| 29 | കെ-സ്മാർട്ട് അവലോകനം | 1-12 |
| 30 | വസ്തുനികുതി - റിവർവിൻഡ് ഡെവലപ്പേഴ്സിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ നികുതിനിർണ്ണയത്തിലെ അപാകതകൾ | 1-13 |
| 31 | സിനിമ തിയേറ്ററുകളുടെ വസ്തുനികുതി നിർണ്ണയം - അപാകതകൾ | 1-14 |
| 32 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-15 |
| 33 | പ്രൊഫഷണൽസിന്റെ ഡേറ്റാബേസ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തിയിട്ടില്ല | 1-16 |
| 34 | വിനോദ നികുതി - കുറവായി ഈടാക്കി, രേഖകൾ ലഭ്യമാക്കിയില്ല | 1-17 |
| 35 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-18 |
| 36 | മുൻ വർഷങ്ങളിലെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-19 |
| 37 | 2022-23 വർഷത്തെ വാടകയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു | 1-20 |
| 38 | നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു | 1-21 |
| 39 | സുരക്ഷിതമല്ലെന്ന് സാങ്കേതിക വിഭാഗം സാക്ഷ്യപ്പെടുത്തിയ കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് | 1-22 |

| | | |
|---|---|---|
| | നൽകിയിരിക്കുന്നു | |
| 40 | അധിക വിഭവ സമാഹരണം | 1-23 |
| 41 | ഔദ്യോഗിക ക്വാർട്ടേഴ്സ് സൗകര്യത്തിനുപുറമെ നഗരസഭ സെക്രട്ടറിക്ക് വീട്ടുവാടക ബത്ത കൂടി അനുവദിച്ചു. | 1-24 |
| 42 | ഇന്ധന ഉപയോഗം-അപാകതകൾ | 1-25 |
| 43 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ചെലവുകൾ - വൗച്ചറുകൾ പൂർണ്ണമായും പരിശോധനയ്ക്ക് നൽകിയിട്ടില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-26 |
| 44 | ബഡ്സ് സ്കൂൾ കുട്ടികൾക്ക് ഭക്ഷണം - ചെലവ് വൗച്ചറുകൾ പൂർണ്ണമായും ലഭ്യമായില്ല | 1-27 |
| 45 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല – പ്രോജക്ട് ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 46 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു, | 1-29 |
| 47 | സെക്രട്ടറി നിർവ്വഹണം നടത്തിയ വാങ്ങൽ പ്രോജക്ടുകൾ – സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-30 |
| 48 | ആശ്രയ പ്രോജക്ട് - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-31 |
| 49 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-32 |
| 50 | എഫ്.എച്ച്.സിയിലേയ്ക്ക് മരുന്നുവാങ്ങൽ - മുൻകൂറായി ഒടുക്കിയ തുകയിൽ മരുന്നു ലഭിക്കാൻ അവശേഷിക്കുന്നു | 1-33 |
| 51 | സർക്കാർ സ്കൂളിൽ ബഞ്ചും ഡസ്കും - ക്വട്ടേഷൻ പരിഗണിക്കാതെ സാധനങ്ങൾ വാങ്ങി | 1-34 |
| 52 | 90 എം എം 10 കെ ജി - എച്ച് ഡി പൈപ്പ് സ്ഥാപിക്കൽ–എസ്റ്റിമേറ്റ് നിരക്കിന്റെ കൃത്യത വ്യക്തമല്ല. | 1-35 |
| 53 | നഗരസഭ ഏറ്റെടുക്കുന്ന പെറ്റി വർക്കുകൾ വാർഷിക പദ്ധതിയുടെ ഭാഗമാകുന്നില്ല | 1-36 |
| 54 | ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തികൾ - കാലിബാരലിന്റെ വില ഈടാക്കുന്നില്ല | 1-37 |
| 55 | വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്ന പ്രോജക്ടുകൾ ഫലപ്രദമാകുന്നില്ല | 1-38 |
| 56 | നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം പ്രവർത്തനം കാര്യക്ഷമമല്ല | 1-39 |
| 57 | തെറ്റായ പദ്ധതി നിർവ്വഹണം നഗരസഭക്ക് 39713/- രൂപയുടെ അനാവശ്യചെലവ് | 1-40 |
| 58 | ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല | 1-41 |
| 59 | പി.എം.എ.വൈ. ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളത്. | 1-42 |
| 60 | പി.എം.എ.വൈ. ഭവനനിർമ്മാണ പദ്ധതി- ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള ചെലവിന്റെ കൃത്യത വ്യക്തമല്ല. | 1-43 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഔദ്യോഗിക ക്വാർട്ടേഴ്സ് സൗകര്യത്തിനുപുറമെ നഗരസഭ സെക്രട്ടറിക്ക് വീട്ടുവാടക ബത്ത കൂടി അനുവദിച്ചു. | 3-1 |
| 2 | തെറ്റായ പദ്ധതി നിർവ്വഹണം നഗരസഭക്ക് 39713/- രൂപയുടെ അനാവശ്യചെലവ് | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ഈരാറ്റുപേട്ട നഗരസഭയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 12.07.2023 തീയതിയിലെ 9/1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 21.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭാ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി&എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലികാ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഈരാറ്റുപേട്ട നഗരസഭയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-1 ജനറൽ ഫണ്ട്, ക്യാപിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമല്ല

31.03.2023 തീയതിയിലെ നഗരസഭയുടെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന അടിസ്ഥാന രേഖകൾ ലഭ്യമല്ല. ആയതിനാൽ 31.03.2023 ലെ ബാലൻസ് ഷീറ്റ് പ്രതിഫലിപ്പിക്കുന്ന ജനറൽ ഫണ്ട് പൊസിഷന്റെ കൃത്യത വ്യക്തമല്ല.

### 1-1-2 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് വിവരങ്ങൾ ഒറ്റ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു

വാർഷിക ധനകാര്യ പത്രിക പ്രകാരം നഗരസഭയ്ക്ക് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് വിവരങ്ങൾ ബി 4 ഷെഡ്യൂളിൽ ഓരോ ശീർഷകത്തിൽ നൽകാതെ ആകെ ലഭിച്ച തുക

ഒറ്റ ശീർഷകത്തിലാണ് (320100100) അക്കൗണ്ട് ചെയ്തിട്ടുള്ളത്. ആയതിനാൽ പ്രസ്തുത അക്കൗണ്ട് കോഡിൽ ആകെ ബാധ്യതയായി കണക്കാക്കിയിട്ടുള്ള 2.69 കോടി രൂപയുടേയും ബി 4 ഷെഡ്യൂൾ പ്രകാരമുള്ള ഈ ഇനത്തിലെ ആകെ ബാധ്യതാ തുകയായ 4.76 കോടി രൂപയുടേയും കൃത്യത ഓഡിറ്റിൽ ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

**1-1-3 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല**

നഗരസഭയ്ക്ക് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം സെക്രട്ടറി സാക്ഷ്യപ്പെടുത്തി എ.സി.ആർ. പ്രകാരം ആധികാരികമാക്കേണ്ടതായിരുന്നു. (ബി4 ഷെഡ്യൂൾ പ്രകാരം ടിയിനത്തിൽ ആകെ ബാധ്യത - 4.76 കോടി രൂപ)

**1-1-4 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.**

നഗരസഭ ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ(B-7ഷെഡ്യൂൾ) വിശദാംശം (ഒടുക്കിയ വ്യക്തി/സ്ഥാപനം, പ്രോജക്ട്/പ്രവൃത്തി, നിക്ഷേപ കാലയളവ്, രസീത് നം.) വ്യക്തമാക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ ഓരോ നിക്ഷേപങ്ങളുടെയും മുൻ വർഷത്തെ മുന്നിരിപ്പ് വിശദാംശം ഉൾപ്പടെ കാലികമാക്കി സൂക്ഷിക്കുന്നില്ല. (ബി7 ഷെഡ്യൂൾ പ്രകാരം ടിയിനത്തിലെ ആകെ ബാധ്യത 23.07 ലക്ഷം രൂപ)

**1-1-5 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.**

സർക്കാർ/മറ്റ സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് ഉൾപ്പെടെ ബി9 ഷെഡ്യൂൾ പ്രകാരം കണക്കാക്കിയിട്ടുള്ള മറ്റ് ബാധ്യത (Other Liability) തുകയായ 39.94 ലക്ഷം രൂപയുടെ കൃത്യത വ്യക്തമല്ല.

**1-1-6 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.**

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി നഗരസഭ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

**1-1-7 ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ കൃത്യത വ്യക്തമാക്കിയിട്ടില്ല**

ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്ത I-17(a) ഷെഡ്യൂൾ പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ മൂല്യം, കാലപ്പഴക്കം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ആസ്തി മൂല്യത്തിന് ആനുപാതികമായാണോ മൂല്യശോഷണം അക്കൗണ്ട് ചെയ്തത് എന്ന് വ്യക്തമല്ല.

**1-1-8 ഡിമാന്റ് രജിസ്റ്ററുകളിൽ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.**

ട്രേഡർ-സ്ഥാപന തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ അക്രുവൽ വരവിനങ്ങളുടെ ഡിമാന്റ് കണക്കാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററുകളിലെ കണക്കുകൾ ക്രോഡീകരിച്ച് ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.

**1-1-9 വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല**

വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

**1-1-10 KURDFC വായ്പ തിരിച്ചടവ് വായ്പ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.**

293/22-23 ലൈഫ് ഭവന പദ്ധതി ലോൺ തിരിച്ചടവ് (എസ് സി പി) പ്രോജക്ട് പ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത KURDFC വായ്പ തിരിച്ചടവ് 20000/- രൂപ വായ്പ ശീർഷകത്തിൽ (330500201) അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ 31/03/2023 ലെ ബാലൻസ് ഷീറ്റിൽ ടി തുകയുടെ തിരിച്ചടവ് പ്രതിഫലിച്ചിട്ടില്ല.

**1-1-11 നഗരസഭ ജീവനക്കാരുടെ തൊഴിൽ നികുതി റസീപ്റ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.**

ജീവനക്കാരുടെ തൊഴിൽ നികുതി 2978477/-രൂപയുടെ വരവ് തൊഴിൽ നികുതി സ്ലാബ് പ്രകാരമുള്ള 10 ന്റെ ഗുണിതമല്ല. നഗരസഭ ജീവനക്കാരുടെ തൊഴിൽ നികുതി ശമ്പള റിക്കവറിയായി അക്കൗണ്ട് ചെയ്തുമൂലം റസീപ്റ്റ്

& പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-12 അഡ്വാൻസ് നൽകിയ തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.**

ബി 18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസ് നൽകിയ തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

**1-1-13 കെ എസ് ഇ ബിയിൽ നിക്ഷേപിച്ച തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.**

197/22-23 - പോലീസ് സ്റ്റേഷൻ വാക്കാംപറമ്പ് റോഡ് പോസ്റ്റ് മാറ്റൽ കെ എസ് ഇ ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ, 285/22-23 - ഡിവിഷൻ 67 ഇലക്ട്രിക് പോസ്റ്റ് മാറാൻ കെ എസ് ഇ ബിയിൽ തുക നൽകൽ എന്നീ പ്രോജക്റ്റുകൾ പ്രകാരം കെ എസ് ഇ ബിയിൽ നിക്ഷേപിച്ച തുകകൾ (യഥാക്രമം 140053/- രൂ, 121648/- രൂ) വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-14 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

**1-1-15 ഗുണഭോക്തൃ വിഹിതം ചെലവായ തുക വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.**

ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ച തുക അടവാക്കിയിട്ടുണ്ടെങ്കിലും ആനുപാതികമായ കുറവ് ബി 4 ഷെഡ്യൂളിലെ നീക്കിയിരിപ്പിൽ പ്രതിഫലിച്ചിട്ടില്ല.

**1-1-16 തൊഴിൽ രഹിത വേതനം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.**

2022-23 വർഷം തൊഴിൽ രഹിത വേതനം ഇനത്തിൽ ഒരു ഗുണഭോക്താവിന് നൽകിയ 1440/- രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-17 Prior Period ആയി ക്രമീകരിച്ച തുകയുടെ വിശദാംശം ലഭ്യമല്ല**

I 18 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി കുടിശ്ശികയായി 60 ലക്ഷം രൂപ ഡിമാന്റ് ആയി ചേർത്തിരിക്കുന്നതിന്റെ വിശദാംശം ലഭ്യമല്ല.

**1-2 ബജറ്റ്**

2022-23 വർഷത്തെ ബജറ്റ് 30.03.2022 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 18.03.2023 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം മേൽ ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്, പരിഷ്കരിച്ച ബജറ്റ് എന്നിവ പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | യഥാർത്ഥ ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 9,01,58,763.00 | 2,35,04,946.00 |
| വരവ് | 44,77,90,000.00 | 42,16,90,000.00 |
| ആകെ | 53,79,48,763.00 | 44,51,94,946.00 |
| ചെലവ് | 49,62,65,850.00 | 41,19,70,000.00 |
| നീക്കിയിരിപ്പ് | 4,16,82,913.00 | 3,32,24,946.00 |

**1-3 സാമ്പത്തിക വിശകലനം**

**റസീറ്റ് & പേമെന്റ് പത്രിക പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് (01/04/2022) | 2,35,04,946/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 11,55,20,140/- |
| ആകെ | 13,90,25,086/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 11,10,49,986/- |

| | |
|---|---|
| നീക്കിയിരിപ്പ് (31/03/2023) | 2,79,75,100/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 11,08,54,319/- |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 14,01,96,948/- |
| പ്രവർത്തന നഷ്ടം (Gross Deficit) | (2,93,42,629)/- |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | (60,00,000)/- |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | (2,33,42,629)/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | 83,333/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 72,72,017.12/- |

**1-4 ഗ്രാന്റ് വിനിയോഗം**

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | നീക്കിയിരിപ്പ്/സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 19884000 | 19884000 | 19832009 | 51991 | 99.73 |
| വികസനഫണ്ട് എസ്.സി.പി. | 0 | 872000 | 872000 | 568300 | 303700 | 65.17 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6207000 | 6207000 | 5809015 | 397985 | 93.58 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6595000 | 6595000 | 5928846 | 666154 | 89.89 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 1851104 | 5073762 (*) | 6924866 | 5293035 | 1631831 | 76.43 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 7127618 | 6520000 | 13647618 | 8574930 | 5072688 | 62.83 |
| എൻ.യു.എൽ.എം | 99225 | 672714 | 771939 | 400723 | 371216 | 51.91 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 0 | 1616564 | 1616564 | 1616564 | 0 | 100 |
| ഹെൽത്ത് ഗ്രാന്റ് | 0 | 8359965 | 8359965 | 0 | 8359965 | 0 |
| സ്വച്ഛഭാരത് മിഷൻ | 2561210 | 21450 | 2582660 | 2204153 | 378507 | 85.34 |
| പി.എം.എ.വൈ. ഭവനനിർമ്മാണം | 303176 | 14315860 | 14619036 | 10850190 | 3768846 | 74.21 |

(*) ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ വിനിമയം നടത്തുന്ന ബാങ്ക് അക്കൗണ്ടിൽ 282573 രൂപ പലിശ വരവുള്ളത് അൺടൈഡ് വിഭാഗത്തിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്.

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 8348334/-രൂപ, 40000/-രൂപ വീതം കുറവ് ചെയ്തതിനശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. കുറവ് ചെയ്ത തുകകൾ ജി.ഒ. പ്രോജക്ടുകളായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. സ.ഉ (സാധാ) നം. 1049/2023/ധന/13.2.23 പ്രകാരം വികസന ഫണ്ട് എസ്. സി. പി. വിഭാഗത്തിൽ ലഭിച്ച

270500 രൂപയുടെ മൂന്നാം അലോട്ട്മെന്റ് ഗ്രാന്റ് പത്രികയിലും എ. സി. ആറിലും ഉൾപ്പെട്ടിട്ടില്ല. ടി അപാകതകൾ നിലനിൽക്കെയാണ് അനുബന്ധം 2 ആയിട്ടുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1-5 വാർഷികപദ്ധതി അവലോകനം

2022-23 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി 17.3.2022 മുതൽ 23.3.2022 വരെയുള്ള തീയതികളിൽ വാർഡുസഭകൾ യോഗം ചേർന്നിട്ടുണ്ട്. 23.7.2022 ലെ 8-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ച 22-23ലെ വാർഷികപദ്ധതിയും സ്റ്റാറ്റസ് റിപ്പോർട്ടും വികസന സ്റ്റാൻഡിംഗ് കമ്മിറ്റി തയ്യാറാക്കിയ വികസനരേഖയും അന്തിമ പദ്ധതിരേഖയും 1(1)/23.7.2022നമ്പർ തീരുമാനപ്രകാരം നഗരസഭാ കൗൺസിൽ അംഗീകരിച്ചു. 08.12.2022 ൽ വിവിധ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ചേരുകയും 26.12.2022 ൽ വികസന സെമിനാർ നടത്തുകയും ചെയ്തിട്ടുണ്ട്. നഗരസഭാ കൗൺസിലിന്റെ 06.02.2023ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ 01.03.2023 ലെ 82898/22 /DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 223 | 109827975 | 129 | 49949832 | 94 | 57.85 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | നിർവ്വഹണോദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ച പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് | ചെലവ് % |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 51 | 37300245 | 26 | 13873384 | 37.2 |
| 2 | മുനിസിപ്പൽ എഞ്ചിനീയർ | 123 | 52471231 | 61 | 20901411 | 39.83 |
| 3 | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജനസെൽ | 16 | 4036258 | 10 | 1961843 | 48.6 |
| 4 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 9 | 4430062 | 9 | 3799474 | 85.77 |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 700000 | 1 | 700000 | 100 |
| 6 | പ്രിൻസിപ്പൽ, ഗവ.ഹയർ സെക്കൻഡറി സ്കൂൾ | 2 | 1200000 | 2 | 695381 | 57.95 |
| 7 | കൃഷി ഓഫീസർ | 8 | 852620 | 8 | 789245 | 92.57 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 8007559 | 7 | 6640094 | 82.92 |
| 9 | വെറ്ററിനറി സർജൻ | 5 | 830000 | 5 | 589000 | 70.96 |
| | ആകെ | 223 | 109827975 | 129 | 49949832 | |

**മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു.

ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

**1419830/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തത് ക്യാരി ഓവർ വിഹിതമായി ലഭ്യമാകുന്നത് ഉറപ്പാക്കണം**

2022-23 വർഷം നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 1149330/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 19884000 | 19832009 | 51991 |
| വികസന ഫണ്ട് (എസ്.സി.പി) | 872000 | 568300 | 303700 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 6207000 | 5809015 | 397985 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 6595000 | 5928846 | 666154 |
| ആകെ | 33558000 | 32138170 | 1419830 |

മിനിമം 80% എന്ന വിനിയോഗ ലക്ഷ്യം കൈവരിച്ചിട്ടുള്ളതിനാൽ വർഷാവസാനം സഞ്ചിത നിധിയിലേക്ക് തിരികെ എടുക്കപ്പെട്ട മുഴുവൻ തുകയും തുടർ വർഷം ക്യാരി ഓവർ വിഹിതമായി ലഭിക്കാൻ അർഹതയുണ്ട്. ക്യാരി ഓവർ വിഹിതം പൂർണ്ണമായി ലഭ്യമാക്കി തുടർ വർഷത്തിലും വിനിയോഗ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

**മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

നഗരസഭയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 39 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. നഗരസഭയിലെ 28 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 101 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 101 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 87 പ്രവൃത്തികൾ പൂർത്തിയാക്കി. 21173 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 221 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി തോട് ക്ലീനിംഗും, തൊഴുത്ത് നിർമ്മാണം, സോക്ക് പിറ്റ് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കോൺക്രീറ്റിംഗ് പ്രവർത്തികൾക്കായി ചെലവഴിച്ച് തുക ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല. കാഷ് ബുക്ക് പ്രകാരമുള്ള 2022-23വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. ആയത് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | **71173** |
| വരവ് | 2022 - 23 ലെ അലോട്ട്മെന്റ് | **5000000** | 9730807 |
| | ബാങ്ക് പലിശ | 5062 | |
| | തനത് ഫണ്ടിൽ നിന്ന് മുൻകൂർ | 4725745 | |
| ആകെ(മുന്നിരിപ്പും വരവും ഉൾപ്പടെ) | | | 9801980 |

| | | | |
|---|---|---|---|
| ചെലവ് | വേതനം | 7685658 | 9758573 |
| | സാധന ഘടകം | 930685 | |
| | ശമ്പളം(ഭരണച്ചെലവ്) | 612183 | |
| | തനത് ഫണ്ടിലേയ്ക്ക് മുൻകൂർ തിരിച്ചടവ് | 530047 | |
| നീക്കിയിരിപ്പ് | | | 43407 * |

* (ട്രഷറി ബാലൻസ് 12925 രൂപയും ബാങ്ക് ബാലൻസ് 30482 യും ഉൾപ്പെടെയാണ് നീക്കിയിരിപ്പ് ).

## 1-7 സാമൂഹ്യ സുരക്ഷാ പെൻഷൻ

2022-23 വർഷം ഈരാറ്റുപേട്ട നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1440 | 1 |
| വാർദ്ധക്യകാലപെൻഷൻ | 26356000 | 1372 |
| കർഷകതൊഴിലാളി പെൻഷൻ | 1094800 | 57 |
| വിധവാപെൻഷൻ | 7486400 | 390 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 86400 | 45 |
| വികലാംഗപെൻഷൻ | 4520900 | 235 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.01.2024 തീയതിയിൽ 3.05 പി എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 104530/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഓഡിറ്റ് വർഷം സാംഖ്യ സോഫ്റ്റ് വെയർ വഴിയാണ് നഗരസഭയിൽ സാമ്പത്തിക വിനിമയങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഡേ ബുക്ക്, ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ ചെയർപേഴ്സൺ, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. രസീത് ബുക്കുകൾക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. എന്നാൽ ഫയലുകളുടെ സൂക്ഷിപ്പിനായി നഗരസഭയിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമല്ല. ഓഡിറ്റിനായി ആവശ്യപ്പെട്ട രേഖകൾ പൂർണ്ണമായും ലഭ്യമാക്കാത്തത് ഫയലുകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പിലെ പിഴവിലേയ്ക്ക് വിരൽ ചൂണ്ടുന്നു. പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1. സെക്രട്ടറിയുടെ അഭാവത്തിൽ ഓഫീസ് മേൽനോട്ടത്തിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഇല്ലാത്ത അവസ്ഥയാണ് നിലവിൽ നഗരസഭയിലുള്ളത്. ഓഫീസ് ദൈനംദിന പ്രവർത്തനങ്ങളെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥർ ട്രാൻസ്ഫർ ആയി പോകുമ്പോൾ ഫയലുകൾ / രജിസ്റ്ററുകൾ പുതുതായി ചാർജ് എടുക്കുന്ന ജീവനക്കാർക്ക് കൈമാറി നൽകേണ്ടതാണ്.

2. സെക്രട്ടറിയുടെ എല്ലാ പ്രോജക്ടുകളും പരിശോധനയ്ക്ക് നൽകാൻ സെക്രട്ടറി / പ്ലാൻ സെക്ഷന് കഴിഞ്ഞിട്ടില്ല. (ഖ: 1-27 കാണുക) .

3. സെക്രട്ടറി നിർവ്വഹണം നടത്തിയ വാങ്ങൽ പ്രോജക്ടുകളുടെ (103/23 , സി ഡി എസ് ഓഫീസിന് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ - 64957 വികസന ഫണ്ട് ( ജനറൽ) , 210/23 , നഗരസഭാ ഓഫീസിലേയ്ക്ക് കസേരകൾ വാങ്ങൽ - സി എഫ് സി - 28689 രൂപ )സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് മുഖേന ഉപകരണങ്ങൾ

വാങ്ങുമ്പോൾ വാങ്ങിയ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ , ഉപകരണങ്ങൾ കൈമാറി നൽകിയ ഉദ്യോഗസ്ഥന്റെ ഒപ്പ് എന്നിവ സഹിതം സ്റ്റോക്ക് രജിസ്റ്റർ പൂർത്തീകരിച്ച് സൂക്ഷിക്കേണ്ടതാണ്. എല്ലാ വാങ്ങലുകളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തത് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥന്റെ പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു.

4. തൊഴിൽ നികുതി, വാടക, ലൈസൻസ് എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല.

5. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

6. സാമൂഹ്യ സുരക്ഷാ പെൻഷനുകളുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ നിലവിൽ അന്വേഷണത്തിനായി ബന്ധപ്പെട്ട നിർവഹണോദ്യോഗസ്ഥന് കൈമാറി നൽകുന്ന വിവരം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പെൻഷൻ അപേക്ഷ ലഭിച്ചതു മുതൽ പെൻഷൻ അനുവദിച്ചതു വരെയുള്ള വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ജീവനക്കാർ ഓഫീസ് ഓർഡർ പ്രകാരമുള്ള ജോലികൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.06.2023 | 2018-19 മുതൽ 2022-23 വരെ | Audit-I/AMG-I/(HQ)II/I/C-3 /8A-22 /2023-24/192 |
| പെർഫോമൻസ് ഓഡിറ്റ് | 05.08.2019 – 08.08.2019 | 2013-14 മുതൽ 2018-19 വരെ | റിപ്പോർട്ട് ലഭ്യമായിട്ടില്ല |

## 1-11 നഗരസഭയുടെ സാമ്പത്തികസ്ഥിതി - അവലോകനം

ഈരാറ്റുപേട്ട നഗരസഭയുടെ 2022-23 വർഷത്തെ ധനകാര്യ പത്രിക വിശകലനം ചെയ്തതിലും രേഖകൾ പരിശോധിച്ചതിലും നഗരസഭയുടെ സാമ്പത്തിക സ്ഥിതി പൊതുവെ സുസ്ഥിരമല്ലയെന്നും തനത് വരവിലുണ്ടാകുന്ന വർദ്ധനവിനെ അപേക്ഷിച്ച് റവന്യൂ ചെലവുകളിലും മറ്റ് അനിവാര്യ ചെലവുകളിലും വലിയ തോതിൽ വർദ്ധനവ് ഉണ്ടാകുന്നതായും വിലയിരുത്തുന്നു. കോവിഡ് കാലത്തെ ലോക്ക്ഡൗൺ അവസ്ഥ നഗരസഭയുടെ വാടക, ലേലം മുതലായ നികുതിയേതര തനത് വരുമാന സമാഹരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വരുമാനം നിലയ്ക്കപ്പെട്ടിട്ടും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി ഭീമമായ തുകകൾ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടിവന്നത് നഗരസഭയുടെ സാമ്പത്തിക സന്തുലിതാവസ്ഥയെ ബാധിച്ചിട്ടുണ്ട്. നഗരസഭയിൽ റഗുലർ/ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം 2022-23 വർഷം കൃത്യമായി നൽകുകയും ശമ്പളത്തിൽ നിന്നുള്ള റിക്കവറികൾ യഥാസമയം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കിയിട്ടുണ്ടെങ്കിലും ഭാവിയിൽ ശമ്പളം, പെൻഷൻ എന്നിവ ഉൾപ്പെടെയുള്ള ദൈനംദിനചെലവുകൾ നടത്തുന്നതിന് തനതുഫണ്ട് മതിയാകാത്ത സാഹചര്യം സംജാതമാകുവാൻ സാധ്യതയുണ്ട്. ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ നഗരസഭയുടെ തനത് വാർഷിക വരുമാനം 4കോടി രൂപ മാത്രമാണ്. എന്നാൽ തനതുചെലവുകൾ 3.75കോടിരൂപ ഉള്ളതായി കാണുന്നു.

വാർഷികകണക്കുകൾ പ്രകാരം ബാങ്ക് അക്കൗണ്ടുകളിലെ 31.03.2023 ലെ ആകെ നീക്കിയിരിപ്പ്, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരിപ്പ്, ഡെപ്പോസിറ്റ് സ്വീകരിച്ചത് എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കാഷ്/ ബാങ്ക് നീക്കിയിരിപ്പ് (B-17) | 27938452 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് (B-4) | 18136055 |

| | |
|---|---|
| (ബാധ്യത) | |
| ഡെപ്പോസിറ്റ് സ്വീകരിച്ചത് (B-7) (ബാധ്യത) | 2307772 |
| മുൻകൂറായി ലഭിച്ച തുക ഒഴികെയുള്ള മറ്റു ബാധ്യതകൾ (B-9 ) | 3562926 |
| ബാങ്ക് നീക്കിയിരിപ്പിലെ ആകെ ബാധ്യത | 24006753 |

തനത് ഫണ്ട് അക്കൗണ്ടുകളിൽ 2.99 കോടി രൂപയോളം നീക്കിയിരിപ്പ് അവശേഷിക്കുന്നുണ്ടെങ്കിലും യഥാർത്ഥ തനത് ഫണ്ട് മിച്ചം 3931699/- രൂപ മാത്രമാണെന്നതിനാൽ തനത് വരുമാനം കൊണ്ട് മാത്രം നഗരസഭയുടെ ചെലവുകൾ പൂർണ്ണമായും നടത്തുവാൻ സാധിക്കുകയില്ലെന്ന് വ്യക്തമാണ്.

നഗരസഭയുടെ സാമ്പത്തികസ്ഥിതിയെയും കാര്യക്ഷമമായ ധനസമാഹരണത്തെയും പ്രതികൂലമായി ബാധിക്കുന്ന പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

**1.നികുതി പിരിവ് കാര്യക്ഷമമല്ല**

2022-23 ലെ വാർഷികകണക്കുകളിലെ B-15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതിയിനത്തിൽ 3000420/-രൂപയും തൊഴിൽ നികുതിയിനത്തിൽ 310257/-രൂപയും നഗരസഭയ്ക്ക് കുടിശികയിനത്തിൽ പിരിഞ്ഞുകിട്ടാൻ അവശേഷിക്കുന്നു. വസ്തുനികുതി കുടിശിക ഈടാക്കുന്ന കാര്യത്തിൽ നഗരസഭയുടെ ഭാഗത്തുനിന്നും ഊർജ്ജിത ശ്രമങ്ങളുണ്ടായിട്ടില്ല. തൊഴിൽ നികുതി ഈടാക്കേണ്ട സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും കൃത്യമായ ഡേറ്റാബേസ് തയ്യാറാക്കിയിട്ടില്ല. ഡേറ്റാബേസ് തയ്യാറാക്കി ഡിമാന്റ് ചെയ്യാത്തതുമൂലം തൊഴിൽ നികുതി ഇനത്തിൽ നഗരസഭാ ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് നഗരസഭയിൽ തയ്യാറാക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരും തൊഴിൽനികുതി അടയ്ക്കുന്നുണ്ട് എന്ന് ഉറപ്പാക്കാൻ നഗരസഭയിൽ യാതൊരു സംവിധാനങ്ങളുമില്ല.

**2.നികുതിയേതര വരവുകൾ**

വാടകയിനത്തിൽ ലഭിക്കേണ്ടതായ 958434/-രൂപ (B-15 ഷെഡ്യൂൾ) ഈടാക്കുന്നതിന് നഗരസഭാധികൃതർ തുടർനടപടികൾ സ്വീകരിക്കുന്നില്ല. വാടക കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിൽ അതേ കുത്തകക്കാർക്ക് വീണ്ടും വാടകയ്ക്ക് നൽകുന്ന സാഹചര്യവും നഗരസഭയിലെ വിവിധ ഷോപ്പിങ്ങ് കോംപ്ലക്സുകളിലെ ധാരാളം മുറികൾ ഒഴിഞ്ഞുകിടക്കുന്നതും ഷോപ്പിങ്ങ് കോംപ്ലക്സുകളുടെ മെയിന്റനൻസ് സമയബന്ധിതമായി നടത്താത്തതും നഗരസഭയുടെ സാമ്പത്തിക താല്പര്യങ്ങൾക്ക് വിപരീതമായി ഭവിക്കുന്നു. കൂടാതെ മുൻവർഷങ്ങളിലെ ഉൾപ്പെടെ ലൈസൻസ് ഫീസിനത്തിൽ നഗരസഭയ്ക്കു ലഭിക്കുവാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയ 1010513/-രൂപയുടെ (B-15 ഷെഡ്യൂൾ) കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

**3. അമിത ഇന്ധനചെലവ്**

മുൻവർഷങ്ങളിലായി നഗരസഭ വാങ്ങിയ 10 വാഹനങ്ങളുടെ ഇന്ധനചെലവിനത്തിൽ വലിയ തുക ചെലവഴിക്കേണ്ടി വരുന്നുണ്ട്. എന്നാൽ പ്രസ്തുത ചെലവുകൾക്ക് ആധാരമായ രേഖകൾ വൗച്ചറുകൾക്കൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്തതിനാൽ ചെലവുകളുടെ ആധികാരികത ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല.

**4) പെറ്റിവർക്കുകൾ**

നഗരസഭയിൽ അടിയന്തിര പ്രാധാന്യമില്ലാത്ത റോഡ് മെയിന്റനൻസ് പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ പെറ്റി വർക്കുകളായി ഏറ്റെടുത്ത് തനതുഫണ്ട് ചെലവഴിക്കുന്നതുമൂലം നഗരസഭയുടെ തനതുഫണ്ടിന് കുറവുവരുന്നുണ്ട്. ഫയലുകൾ പരിശോധിച്ചതിൽ പ്രസ്തുത പ്രവൃത്തികൾ വാർഡ് കൗൺസിലറുടെ അപേക്ഷ പരിഗണിച്ച് ഏറ്റെടുത്ത റോഡ് മെയിന്റനൻസ് പ്രവൃത്തികളാണെന്നും ആയവ പെറ്റി വർക്കുകളിൽ ഉൾപ്പെടുത്തി ചെയ്യാൻ തക്ക അടിയന്തിര പ്രാധാന്യമില്ലാത്തതാണെന്നും കാണുന്നു.

**5) താല്ക്കാലികനിയമനങ്ങളുടെ ആധിക്യം**

നഗരസഭയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്നതുമൂലം വേതനമിനത്തിൽ തുക ചെലവഴിക്കേണ്ടിവരുന്നതായി കാണുന്നു. നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കുവേണ്ടി താല്ക്കാലിക നിയമനങ്ങൾ നടത്തുന്നത് തനതുഫണ്ടിന്റെ ലഭ്യത കുറയാനിടയാകും.

**ഓഡിറ്റ് ശുപാർശ**

1. നഗരസഭയുടെ തനത് ഫണ്ട് വരുമാനം പൂർണ്ണമായും ഡിമാൻഡ് ചെയ്ത് പിരിച്ചെടുക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതും നികുതി നികുതിയേതര തുകകൾ കാലഹരണപ്പെടുന്നത് കർശനമായി ഒഴിവാക്കേണ്ടതാണ്.

2. വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് നഗരസഭാ ഭരണസമിതി 25.04.2023 ലെ

II/1 നം. തീരുമാന പ്രകാരം നികുതി നിരക്ക് നിർണ്ണയിച്ച് അംഗീകരിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനത്തിലെ നികുതി നിരക്കുകൾ നികുതി ഡേറ്റാബേസിൽ ഉൾപ്പെടുത്തി 2023-24 വർഷത്തെ ഡിമാന്റ് ജനറേറ്റ് ചെയ്ത് അടിയന്തിരമായി പുതുക്കിയ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

3.ചെലവുകളിൽ കൃത്യമായ സാമ്പത്തിക മിതത്വം പാലിക്കുകയും നഗരസഭയുടെ തനതുചെലവുകൾ പരിമിതപ്പെടുത്തി സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുകയും ചെയ്യുക.

4.വാഹനങ്ങളുടെ ഇന്ധനചെലവുകളുടെ വിശദാംശങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി നിരീക്ഷിക്കുന്നതിനും, ചെലവുകളിൽ ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കാവുന്നതാണ്.

5. പെറ്റി വർക്ക് എന്ന രീതിയിൽ ഏറ്റെടുക്കുന്ന അടിയന്തര പ്രാധാന്യമില്ലാത്ത മെയിന്റനൻസ് പ്രവൃത്തികൾ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ഇതിനായി മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തുന്നതിനും ശ്രദ്ധിക്കാവുന്നതാണ്.

6. അധികവിഭവസമാഹരണത്തിന് പ്രായോഗികക്ഷമതകൂടി വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, തുടർവരുമാനം ആർജ്ജിക്കുന്നതിന് സഹായകരമായ ആസ്തികൾ സൃഷ്ടിക്കുന്നതിനും സുസ്ഥിരമായി നിലനിർത്തുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്.

7. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ യഥാസമയം മുതൽക്കൂട്ടുന്നതിന് ശ്രദ്ധിക്കേണ്ടതുണ്ട്.

8.അധിക വിഭവസമാഹരണം സംബന്ധിച്ച് ഈ റിപ്പോർട്ടിലെ ഖ.1-23 പ്രകാരമുള്ള ഓഡിറ്റ് നിഗമനങ്ങളും ശുപാർശകളും കൂടി കാണുക.

ഈരാറ്റുപേട്ട നഗരസഭയെ സംബന്ധിച്ചിടത്തോളം നഗരസഭയായി പരിവർത്തനം ചെയ്യപ്പെട്ടിട്ട് അധികവർഷങ്ങൾ ആകാത്ത സാഹചര്യത്തിൽ മറ്റു നഗര സഭകളെ അപേക്ഷിച്ച് തസ്തികകളുടെ എണ്ണവും, പെൻഷൻ ചെലവുകളും താരതമ്യേന കുറവാണ്. കണ്ടിജന്റ് വിഭാഗത്തിലെ തസ്തികകളും താരതമ്യേന കുറവാണ്. ആയതിനാൽ പ്രായോഗിക തലത്തിൽ സാധ്യമായ എല്ലാ വിഭവസമാഹരണവും ഉറപ്പാക്കിയും ശാസ്ത്രീയമായ ബജറ്ററി കൺട്രോൾ ഉറപ്പാക്കിയും സാമ്പത്തിക സുസ്ഥിരത കൈവരിക്കാവുന്നതാണ്. ഈ വിഷയത്തിലേക്ക് നഗരസഭാ കൗൺസിലിന്റെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും സജീവ ശ്രദ്ധയും ഇടപെടലും ക്ഷണിക്കുന്നു.

## 1-12 കെ-സ്മാർട്ട് അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവനം ലഭ്യമാക്കുന്നതിനായി സംസ്ഥാന ഐടി വകുപ്പിന്റെ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച ആപ്ലിക്കേഷനാണ് കെ-സ്മാർട്ട് (കേരള സൊല്യൂഷൻസ് ഫോർ മാനേജ്മെന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോർമേഷൻ ആൻഡ് ട്രാൻസ്ഫോർമേഷൻ) . പൗരന്മാർക്കും ജീവനക്കാർക്കും തദ്ദേശ സ്ഥാപനങ്ങൾ വഴി സേവനങ്ങൾ തേടുന്ന ഏതൊരാൾക്കും മികച്ചതും കാര്യക്ഷമമായതുമായ സേവനം ഉറപ്പാക്കാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും സ്മാർട്ട് ഇ - ഗവേണൻസ് സംവിധാനം ഉപയോഗിക്കാൻ കെ - സ്മാർട്ട് ലക്ഷ്യമിടുന്നു. തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളെ ഏകീകരിക്കുകയും ലളിതമാക്കുകയും ചെയ്യുന്ന മൊബൈൽ ആപ്പ് അധിഷ്ഠിത സംവിധാനമായാണ് കെ-സ്മാർട്ട് വിഭാവനം ചെയ്തത്. എല്ലാ സേവനങ്ങളും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു മൊബൈൽ ആപ്പും വെബ്സൈറ്റും കെ - സ്മാർട്ടിൽ ലഭ്യമായിട്ടുണ്ട്. കെ-സ്മാർട്ടിൽ രജിസ്റ്റർ ചെയ്യുന്നതിനായി ആധാർ കാർഡ് മൊബൈൽ നമ്പറുമായി ബന്ധിപ്പിക്കേണ്ടതാണ്. പ്രാരംഭ ഘട്ടത്തിൽ, ജനനം, മരണം, വിവാഹം എന്നിവയുടെ രജിസ്ട്രേഷൻ പോലുള്ള സേവനങ്ങൾ, കുറഞ്ഞ അപകടസാധ്യതയുള്ള നിർമ്മാണത്തിനുള്ള കെട്ടിട നിർമ്മാണ പെർമിറ്റുകൾ, വസ്തു നികുതി പേയ്മെന്റുകൾ, ലൈസൻസുകൾ, തൊഴിൽ നികുതി പേയ്മെന്റ് തുടങ്ങിയ സേവനങ്ങൾ ലഭ്യമായിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും നഗര ഗ്രാമ പ്രദേശങ്ങളിലേക്ക് അവർ നൽകുന്ന സേവനങ്ങളും കെ-സ്മാർട്ടിൽ 35 മോഡ്യൂളുകളിലായി ഏകീകരിച്ചിരിക്കുന്നു. ബ്ലോക്ക് ചെയിൻ, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, ജിഐഎസ്/സ്പെഷ്യൽ ഡേറ്റ, ചാറ്റ് ബോട്ട്, വിവിധ സോഫ്റ്റ്വെയറുകളുടെ എ പി ഐ ഇന്റഗ്രേഷൻ, മെഷീൻ ലേണിങ്, ഡേറ്റ സയൻസ്, ക്ലൗഡ് കമ്പ്യൂട്ടിംഗ്, വെർച്ച്വൽ റീഡിങ്, ഇൻറർനെറ്റ് എന്നിവ ഉൾപ്പെടുന്ന വൈവിധ്യമാർന്ന സാങ്കേതിക സംവിധാനങ്ങളുപയോഗിച്ചുകൊണ്ടാണ് കെ-സ്മാർട്ട് പ്രവർത്തിക്കുന്നത്. പ്രാരംഭഘട്ടത്തിൽ കെ-സ്മാർട്ടിൽ 8 മൊഡ്യൂളുകൾ ആണ് ഉള്ളത്.

1. സിവിൽ രജിസ്ട്രേഷൻ (ജനനം, മരണം, വിവാഹം)

2. ബിസിനസ് ഫെസിലിറ്റേഷൻ (വ്യാപാരത്തിനും വ്യവസായത്തിനുള്ള ലൈസൻസുകൾ)

3. വസ്തുനികുതി

4. ഉപയോക്തൃ മാനേജ്മെൻറ്

5. ഫയർ മാനേജ്മെന്റ് സിസ്റ്റം

6. സാമ്പത്തിക മോഡ്യൂൾ

7. ബിൽഡിംഗ് പെർമിഷൻ മൊഡ്യൂൾ

8. പൊതുപരാതി പരിഹാരം

സംസ്ഥാനത്തുടനീളമുള്ള ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള ഇൻറഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെൻറ് സിസ്റ്റത്തിൽ (ILGMS) നിന്നാണ് കെ-സ്മാർട്ട് വികസിച്ച് വരുന്നത്. ആയതിനാൽ കെ-സ്മാർട്ടിനെ ഐ എൽ ജി എം എസിന്റെ രണ്ടാം പതിപ്പ് എന്നും വിളിക്കാവുന്നതാണ്. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമാണ് ആദ്യഘട്ടത്തിൽ കെ-സ്മാർട്ട് സേവനങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്. തുടർന്ന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും സേവനം വ്യാപിപ്പിക്കും ഐ എൽ ജി എം എസ് - ൽ നിന്നും കെ-സ്മാർട്ടിലേക്ക് സേവനങ്ങൾ ക്രമേണ മൈഗ്രേറ്റ് ചെയ്യപ്പെടും.

**പ്രധാന ഫീച്ചറുകൾ**

കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളുടെ എല്ലാ സേവനങ്ങളും ജനങ്ങൾക്ക് വിരൽത്തുമ്പിൽ ലഭ്യമാകുമെന്നതാണ് കെ-സ്മാർട്ടിന്റെ സവിശേഷത. അപേക്ഷിച്ച് 30 സെക്കൻഡ് സമയത്തിനുള്ളിൽ 3000 സ്ക്വയർ ഫീറ്റ് വരെയുള്ള കെട്ടിടങ്ങളുടെ പെർമിറ്റ് കെ - സ്മാർട്ട് വഴി ലഭ്യമാകുന്നതാണ്. ' Know Your Land ' എന്ന ഫീച്ചറിലൂടെ ഒരു സ്ഥലത്ത് എന്തെല്ലാം താരത്തിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുവാൻ സാധിക്കുമെന്ന വിവരം അറിയുവാൻ സാധിക്കും. പരിസ്ഥിതി ലോല പ്രദേശം, എയർപോർട്ട് സോൺ, റയിൽവേ സോൺ തുടങ്ങിയ നിർമ്മാണ പ്രവർത്തികൾക്ക് നിയന്ത്രണങ്ങളുള്ള പ്രദേശങ്ങളുടെ വിവരങ്ങൾ മുൻകൂട്ടി അറിയുവാൻ സാധിക്കുന്നതിനാൽ ജനങ്ങൾക്ക് അറിവില്ലായ്മ മൂലം സംഭവിക്കാവുന്ന അബദ്ധങ്ങൾ ഒഴിവാക്കുവാൻ സാധിക്കും. എത്ര ഉയരത്തിൽ കെട്ടിടം നിർമ്മിക്കാം, സെറ്റ് ബാക്ക് എത്രവേണം തുടങ്ങിയ കാര്യങ്ങളും മുൻകൂട്ടി അറിയുവാൻ സാധിക്കും.

സിവിൽ രജിസ്ട്രേഷനുകളുടെ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി ഡൗൺലോഡ് ചെയ്യാം എന്നുമാത്രമല്ല വാട്സാപ്പ് നമ്പർ കെ -സ്മാർട്ടിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ സർട്ടിഫിക്കറ്റുകൾ പി ഡി എഫ് ഫോർമാറ്റിൽ അയച്ചുകിട്ടുകയും ചെയ്യും. പരാതികൾ 9446300500 എന്ന വാട്സ്ആപ്പ് നമ്പരിലേക്ക് അയക്കാം. പരാതികൾ പരിശോധിക്കാൻ ജില്ലാ-സംസ്ഥാന തലങ്ങളിൽ പ്രത്യേക സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

കെ-സ്മാർട്ട് ആപ്ലിക്കേഷൻ നടപ്പാക്കിയതിൽ നിലവിൽ ചില ബുദ്ധിമുട്ടുകൾ നഗരസഭ നേരിടുന്നുണ്ട്. വസ്തു നികുതി സോഫ്റ്റ് വെയർ സഞ്ചയ കെ സ്മാർട്ടുമായി സംയോജിപ്പിച്ചപ്പോൾ നിലവിൽ അടവാക്കിയ പഴയ വർഷങ്ങളിലെ തുകകളെല്ലാം കെ സ്മാർട്ടിലേക്ക് സംയോജിക്കപ്പെട്ടിട്ടില്ല. ആയതിനാൽ നിലവിൽ കുടിശ്ശിക ഇല്ലാത്ത കെട്ടിടങ്ങളും കുടിശ്ശിക ഉള്ളതായി കാണപ്പെടുന്നു. മേൽ പ്രശ്നം നിലവിൽ ഉള്ളതിനാൽ തൻവർഷത്തെ വസ്തു നികുതി ഇത്തരം കെട്ടിടങ്ങളിൽ നിന്ന് ഈടാക്കുവാൻ കെ സ്മാർട്ടിൽ സാധിക്കുന്നില്ല. ആയത് നഗരസഭകളുടെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്.

**1-13 വസ്തുനികുതി - റിവർവിൻഡ് ഡെവലപ്പേഴ്സിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ നികുതിനിർണ്ണയത്തിലെ അപാകതകൾ**

ശ്രീ. സെബാസ്റ്റ്യൻ. എം.ജെ, മാനേജിംഗ് പാർട്ട്ണർ, റിവർവിൻഡ് ഡെവലപ്പേഴ്സ്, ഈരാറ്റുപേട്ട എന്നയാളുടെ ഉടമസ്ഥതയിലുള്ളതും ഈരാറ്റുപേട്ട വില്ലേജിൽ ബ്ലോക്ക്-48ൽ 1/3-1, 1/3-സർവേ നമ്പരിലുള്ള സ്ഥലത്ത് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ കെട്ടിടത്തിന്റെ തറനിലയുടെ ഭാഗമായ 1/22A1 നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി 2020-2021 വർഷം നിർണ്ണയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ തറനില, ഒന്നാംനില, രണ്ടാംനില എന്നിവ നിർമ്മാണം പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ 2022-2023 വർഷം 1/22A2, 1/22A3, 1/22A4 നമ്പരായി കെട്ടിടനമ്പരുകൾ അനുവദിച്ചിട്ടുണ്ട്. ഓഡിറ്റിൽ ലഭ്യമാക്കിയ കംപ്ലീഷൻ പ്ലാൻ, നിർദ്ദിഷ്ടകെട്ടിടം എന്നിവ പരിശോധിച്ചതിൽ തറനില, ഒന്നാംനില, രണ്ടാംനില എന്നിവയുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകതകൾ ഉള്ളതായി കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. കംപ്ലീഷൻ പ്ലാൻ പ്രകാരം പാർക്കിംഗ്, വാണിജ്യാവശ്യം, അപ്പാർട്ട്മെന്റ് എന്നിവ യഥാക്രമം 434.45ച.മീ, 636.42ച.മീ, 68.06ച.മീ വീതം തറനിലയുടെ ആകെ വിസ്തീർണ്ണം 1138.93ച.മീ ആണ്. എന്നാൽ 1/22A1 (വാണിജ്യാവശ്യത്തിനുള്ളവ - 200ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ്

മാളുകൾ), 1/22A2 (വാണിജ്യാവശ്യത്തിനുള്ളവ – 100ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ) എന്നീ നമ്പരുകളിലായി യഥാക്രമം 217.13ച.മീ, 419.29ച.മീ വീതം വാണിജ്യാവശ്യത്തിനുവേണ്ടി നീക്കിവെച്ച ആകെ 636.42 ച.മീ ഭാഗത്തിന്റെ മാത്രമാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. 68.06 ച.മീ വിസ്തീർണ്ണം ഉള്ള അപ്പാർട്ട്മെന്റിന്റെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.

2. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഒരേ കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾക്ക് വ്യത്യസ്ത കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിൽ ഓരോ ഭാഗത്തെയും പ്രത്യേകം കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയിക്കേണ്ടതാണ്. കൂടാതെ, സെൻട്രലൈസ്ഡ് എയർകണ്ടീഷണിംഗ് സൗകര്യത്തിന് അടിസ്ഥാനനികുതിയിന്മേൽ 10% വർദ്ധനവ് വരുത്തേണ്ടതുമാണ്. ടി വ്യവസ്ഥകൾ പ്രകാരം മോർ സൂപ്പർമാർക്കറ്റ് പ്രവർത്തിക്കുന്ന തറനിലയിലെ 1/22A1 നമ്പർ കെട്ടിടം, നന്തിലത്ത് ജി-മാർട്ട് പ്രവർത്തിക്കുന്ന തറനില, ഒന്നാംനില, രണ്ടാംനില എന്നിവയിലെ 1/22A2, 1/22A3, 1/22A4 നമ്പർ കെട്ടിടങ്ങൾ എന്നിവയുടെ നികുതി വെവ്വേറെ കണക്കാക്കിയപ്പോൾ സെൻട്രലൈസ്ഡ് എയർകണ്ടീഷണിംഗ് സൗകര്യത്തിന് അടിസ്ഥാനനികുതിയിന്മേൽ 10% വർദ്ധനവ് വരുത്തേണ്ടിയിരുന്നു. എന്നാൽ ഇപ്രകാരം വർദ്ധനവ് വരുത്തിയിട്ടില്ലാത്തതിനാൽ വസ്തുനികുതിയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | 22A1 | 22A2 | 22A3 | 22A4 |
|---|---|---|---|---|
| തറവിസ്തീർണ്ണം (ച.മീ) | 217.13 | 419.29 | 649.52 | 720.07 |
| നികുതിനിരക്ക്/ച.മീ | 140 | 90 | 90 | 90 |
| അടിസ്ഥാനവസ്തുനികുതി | 30398.2 | 37736.1 | 58456.8 | 64806.3 |
| വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്@20% | 6079.64 | 7547.22 | 11691.4 | 12961.3 |
| മേൽത്തരം തറനിർമ്മിതിയ്ക്ക് വർദ്ധനവ്@15% | 0 | 5660.42 | 8768.52 | 9720.94 |
| ബഹുനില കെട്ടിടത്തിനുള്ള ഇളവ് | 0 | 0 | 3945.85 | 8748.9 |
| നിർണ്ണയിച്ച ആകെ നികുതി | 36478 | 50944 | 74971 | 78740 |
| കേന്ദ്രീകൃത ശീതികരണസംവിധാനത്തിനുള്ള വർദ്ധനവ്@10% | 3039.82 | 3773.61 | 5845.68 | 6480.63 |
| നിർണ്ണയിക്കേണ്ട ആകെ നികുതി (രൂപ) | 39518 | 54718 | 80817 | 85221 |

മേൽ അപാകതകൾ സംബന്ധിച്ച വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 33/23-01-2024 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ റിവർവിൻഡ് ഡെവലപ്പേഴ്സിന്റെ ഉടമസ്ഥതയിലുള്ള ടി കെട്ടിടത്തിന്റെ വസ്തുനികുതി മുൻകാല പ്രാബല്യത്തോടെ പരിഷ്കരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

### 1-14 സിനിമ തിയേറ്ററുകളുടെ വസ്തുനികുതി നിർണ്ണയം - അപാകതകൾ

**1)മെട്രോ തിയേറ്ററിന്റെ വസ്തുനികുതി മുൻവാർഷികവസ്തുനികുതിയുടെ 200%ൽ പരിമിതപ്പെടുത്തി നിർണ്ണയിച്ചു**

ശ്രീ.വി.ഇ.തോമസ്, വെള്ളൂക്കുന്നേൽ, ഈരാറ്റുപേട്ട എന്നയാളുടെ ഉടമസ്ഥതയിൽ ഉള്ള മെട്രോ സിനിമാതിയേറ്ററിന്റെ (കെട്ടിടനമ്പർ 3/21) വസ്തുനികുതി 31.10.2022ൽ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച് 2015-16 മുതൽ 2022-23 വരെയുള്ള വസ്തുനികുതി കുടിശിക ഒടുക്കിയിട്ടുണ്ട് (രസീത് നമ്പർ-122150105255/30/12/2022, തുക- 18992/-രൂപ). പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച ഫോറം 6 പരിശോധിച്ചതിൽ 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും

സർചാർജ്ജും) ചട്ടങ്ങൾക്ക് അനുസൃതമായിട്ടല്ല വസ്തുനികുതി പരിഷ്കരിച്ചതെന്ന് കാണുന്നു. 2013 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ, സർക്കാർ ഉത്തരവ് (എം എസ്) 144/2015/തസ്വഭവ തീയതി 27.04.2015, സർക്കാർ ഉത്തരവ് (എം എസ്) 358/2015/തസ്വഭവ തീയതി 16.12.2015 എന്നിവ പ്രകാരം കെട്ടിടങ്ങളുടെ വസ്തുനികുതി ആദ്യമായി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുമ്പോൾ നിലവിലുള്ള വാർഷികവസ്തുനികുതിയുടെ നിശ്ചിത പരിധിയ്ക്കു വിധേയമായി നികുതി നിർണ്ണയിക്കാവുന്നത് പാർപ്പിടാവശ്യം, വാണിജ്യാവശ്യം, വ്യവസായികാവശ്യം എന്നീ വിഭാഗങ്ങളിലെ കെട്ടിടങ്ങൾക്കു മാത്രമാണ് (ചട്ടം 4(b), 4(d)). അസംബ്ലി കെട്ടിടം, കൺവൻഷൻ സെന്റർ, ഓഡിറ്റോറിയം, സിനിമ തിയേറ്റർ, കല്യാണമണ്ഡപം, ലോഡ്ജ് തുടങ്ങി മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി ഇത്തരത്തിൽ പരിമിതപ്പെടുത്തുന്നതിന് മേൽചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടില്ല. എന്നാൽ ടി കെട്ടിടത്തിന് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷികവസ്തുനികുതിയുടെ 200%ൽ പരിമിതപ്പെടുത്തി നികുതി നിർണ്ണയിച്ചതായി സഞ്ചയ സോഫ്റ്റ്‌വെയറിൽനിന്നു വ്യക്തമാകുന്നു.

മാത്രമല്ല, തിയേറ്ററിൽ ശീതികരണസംവിധാനം ഏർപ്പെടുത്തുന്നതിന് അനുമതി ലഭിക്കുന്നതിന് ശ്രീ.അനിൽ.വി.തോമസ്, മാനേജിംഗ് പാർട്ട്ണർ 2.3.2023ൽ സമർപ്പിച്ച അപേക്ഷയിലെ (ഫയൽ നമ്പർ - ഇ1-1479/23) വിവിധ ന്യൂനതകൾ പരിഹരിക്കുന്നതിന് ഇ1-1479/23/14.3.2023 നമ്പരായി അറിയിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചതായോ തുടർനടപടികൾ സ്വീകരിച്ചതായോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. കെട്ടിടത്തിന് NBC ഫയർ & റെസ്ക്യൂ വിഭാഗത്തിൽനിന്ന് നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമാണെന്ന് ടി അറിയിപ്പിന്റെ ക്രമനമ്പർ 8 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. അറിയിപ്പ് നൽകിയതിനെ തുടർന്ന് നഗരസഭയിൽനിന്ന് പെർമിറ്റ് അനുവദിച്ചതായി കാണുന്നില്ലെങ്കിലും നിലവിൽ തിയേറ്റർ പ്രവർത്തിച്ചുവരികയും നഗരസഭയിൽ വിനോദനികുതി ഒടുക്കിവരുകയും ചെയ്യുന്നു. നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന ഈ വിഷയത്തിന്മേൽ വിശദീകരണം ആരാഞ്ഞതിന് നഗരസഭാധികൃതർ മറുപടി ലഭ്യമാക്കിയില്ല. ടി തിയേറ്റർ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വസ്തുനികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ കേന്ദ്രീകൃത ശീതീകരണ സംവിധാനം പരിഗണിക്കാതെയാണ് വസ്തുനികുതി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതെന്നും ബോധ്യപ്പെട്ടു.

സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാർഡ്/ കെട്ടിടനമ്പർ | 3/21 |
| തറവിസ്തീർണ്ണം (ച.മീ.) | 747.2 |
| വസ്തുനികുതി നിരക്ക് (രൂപ) | 50 |
| അടിസ്ഥാനവസ്തുനികുതി | 37360 |
| മേൽക്കൂരയ്ക്ക് ഇളവ് @10% | 3736 |
| കാലപ്പഴക്കത്തിന് ഇളവ് @20% | 7472 |
| വഴിസൗകര്യത്തിന് വർദ്ധനവ് @20% | 7472 |
| തറനിർമ്മിതി @15% | 5604 |
| ആകെ | 46700 |
| നിലവിലുള്ള നികുതി | 1167 |
| പരിഷ്കരിച്ച വസ്തുനികുതി | 2334 |

പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി നിശ്ചയിച്ച വസ്തുനികുതിയിന്മേൽ പരിമിതപ്പെടുത്തൽ നടത്തിയപ്പോൾ 46700/- രൂ എന്നത് 2334/- രൂ ആയി കുറഞ്ഞിരിക്കുന്നു. ഇപ്രകാരം ക്രമപ്രകാരമല്ലാതെയും ചട്ടങ്ങൾക്കു വിരുദ്ധമായും വസ്തുനികുതി പരിഷ്കരിച്ചതിനാലും കേന്ദ്രീകൃത ശീതികരണസംവിധാനം പരിഗണിക്കാത്തതിനാലും വസ്തുനികുതിയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചതായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ മെട്രോ തീയേറ്ററിന്റെ വസ്തുനികുതി പരിഷ്കരിച്ചതിലെ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ, ശീതീകരണ സംവിധാനം ഏർപ്പെടുത്തുന്നതിന് NBC ഫയർ & റെസ്ക്യൂ വിഭാഗത്തിൽനിന്ന് നിരാക്ഷേപ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

<u>2)സൂര്യ തിയേറ്ററിന്റെ ശീതികരണസംവിധാനം - അടിസ്ഥാനവസ്തുനികുതിയിൽ 10%വർദ്ധനവ് വരുത്തിയില്ല</u>

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളുടെ

അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ വസ്തുനികുതി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുമ്പോൾ കേന്ദ്രീകൃത ശീതികരണസംവിധാനത്തിന് മേൽചട്ടങ്ങളിലെ പട്ടിക8 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ 10% വർദ്ധനവ് വരുത്തേണ്ടതാണ്. നഗരസഭയിലെ 2/424 A1 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സൂര്യ തിയേറ്ററിൽ കേന്ദ്രീകൃത ശീതികരണസംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതായി അറിയാൻ സാധിച്ചിട്ടുണ്ട്. എന്നാൽ തദനുസൃതമായ വർദ്ധനവ് വസ്തുനികുതിയിൽ വരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വാർഡ്/ കെട്ടിടനമ്പർ | 2/424 A1 |
| തറവിസ്തീർണ്ണം (ച.മീ.) | 762.18 |
| വസ്തുനികുതി നിരക്ക് (രൂപ) | 50 |
| അടിസ്ഥാനവസ്തുനികുതി | 38109 |
| മേൽക്കൂരയ്ക്ക് ഇളവ് @10% | 3810.9 |
| വഴിസൗകര്യത്തിന് വർദ്ധനവ് @20% | 7621.8 |
| നിലവിലുള്ള നികുതി | 2852 |
| ആകെ വസ്തുനികുതി | 41920 |

ശീതികരണസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് കൃത്യമായ പരിശോധന നടത്തി 10% വർദ്ധനവ് ബാധകമാണെങ്കിൽ വസ്തുനികുതി പുതുക്കി നിർണ്ണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-15 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷം നഗരസഭാ പരിധിയിലുള്ള നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | തെക്കേക്കര ഹോസ്പിറ്റൽ | 1 |
| 2 | ജോർജ്ജിയൻ കോളേജ് | 1, 2 |
| 3 | ഡയറി എക്സ്റ്റൻഷൻ ഓഫീസ് | 2 |
| 4 | അഗ്രിമ ഇൻറർനാഷണൽ | 1, 2 |
| 5 | മീനച്ചിൽ താലൂക്ക് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് സൊസൈറ്റി | 1 |
| 6 | ഭാരത് ലജ്ന മൾട്ടിസ്റ്റേറ്റ് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1, 2 |
| 7 | കാഞ്ഞിരക്കാട്ട് സിൽക്ക്സ് | 1, 2 |
| 8 | കേരള ബാങ്ക് (പ്രഭാത-സായാഹ്ന ബ്രാഞ്ച്) | 1, 2 |
| 9 | മീനച്ചിൽ ഇസ്റ്റ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് (പ്രഭാത-സായാഹ്ന ബ്രാഞ്ച്) | 1, 2 |
| 10 | എൽ എസ് ജി ഡി അസിസ്റ്റൻ്റ് എഞ്ചിനീയറുടെ ഓഫീസ് | 1 |
| 11 | ഈരാറ്റുപേട്ട സർവീസ് സഹകരണ ബാങ്ക് | 1, 2 |
| 12 | ത്രിവേണി സൂപ്പർമാർക്കറ്റ് | 1, 2 |

| | | |
|---|---|---|
| 13 | പുളിക്കീൽ ടെക്സ്റ്റൈൽസ് | 1, 2 |
| 14 | പുളിക്കീൽ സൂപ്പർമാർക്കറ്റ് | 1, 2 |
| 15 | പുളിക്കീൽ സാരീസ് | 1, 2 |
| 16 | മുഗൾ ഹോട്ടൽ | 1, 2 |
| 17 | റിലയൻസ് ട്രെൻഡ്സ് | 1, 2 |
| 18 | ഗ്രാൻഡ് ഹോട്ടൽ | 1, 2 |
| 19 | കേരള ബാങ്ക് | 2 |
| 20 | മീനച്ചിൽ കോ-ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ & റൂറൽ ഡെവലപ്മെന്റ് ബാങ്ക് | 1 |
| 21 | ഗോകുലം ഫിനാൻസ് | 1 |
| 22 | ഹൈറേഞ്ച് ഹോട്ടൽ | 1, 2 |
| 23 | റിലയൻസ് സ്മാർട്ട് പോയിന്റ് | 1 |
| 24 | സെന്റ് ജോർജ്ജ് കോളേജ് – അനദ്ധ്യാപകർ | 1 |
| 25 | എം എം യു എം യു പി സ്കൂൾ, കരക്കാട് | 2 |
| 26 | പർവീൺ അപ്പാരൽ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് | 1, 2 |
| 27 | പർവീൺ ജനറൽ ട്രേഡിംഗ് കമ്പനി | 1, 2 |
| 28 | അയിഷ ഗാർമെന്റ്സ് | 1, 2 |
| 29 | കേരള ബാങ്ക് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/20.01.2024) തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി ഈടാക്കി തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

**1-16 പ്രൊഫഷണൽസിന്റെ ഡേറ്റാബേസ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തിയിട്ടില്ല**

ഈരാറ്റുപേട്ട നഗരസഭ പരിധിയിലുള്ള പ്രോഫഷണൽസിന്റെ ലിസ്റ്റ്/ഡേറ്റാബേസ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ നഗരസഭ പ്രദേശത്തുള്ള ചാർട്ടേഡ് അക്കൗണ്ടന്റ്, വക്കീലൻമാർ, ആധാരം എഴുത്തുകാർ, ഡോക്ടർമാർ, കൺസൾട്ടന്റ് തുടങ്ങിയ വിവിധ മേഖലകളിലെ പ്രൊഫഷണലുകൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 245, 2005 കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭ പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതെ തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/20.01.2024) തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രൊഫഷണലുകളുടെ ഡേറ്റാബേസ് തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

**1-17 വിനോദ നികുതി - കുറവായി ഈടാക്കി, രേഖകൾ ലഭ്യമാക്കിയില്ല**

ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ഒഴിവാക്കിയ സിനിമ ടിക്കറ്റിൻമേലുള്ള വിനോദനികുതി, 2019-ലെ കേരള ഫിനാൻസ് ആക്ട് വകുപ്പ് 6 പ്രകാരം പുനസ്ഥാപിച്ചിരുന്നു. 10.06.2019-ലെ സ.ഉ.(കൈ)നം.63/2019/ത.സ്വ.ഭ.വ. ഉത്തരവിൽ സിനിമാ ടിക്കറ്റുകൾക്ക് 10% വിനോദ നികുതി ഈടാക്കേണ്ടതാണെന്നും നിഷ്കർഷിച്ചു. പിന്നീട് 31.08.2019-ലെ സ.ഉ.(കൈ) നം.112/2019/ത.സ്വ.ഭ.വ. ഉത്തരവിലൂടെ നികുതി നിരക്കിൽ ഭേദഗതി വരുത്തുകയും

100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5 ശതമാനവും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനവുമായി നിരക്ക് പുതുക്കി നിശ്ചയിക്കുകയും ചെയ്തു. പുതുക്കിയ നിരക്കിന്റെ പ്രാബല്യ തീയതി 01.09.2019 ആയിരുന്നു. ജി.എസ്.ടി. ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3-ാം തീയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

ഈരാറ്റുപേട്ട നഗരസഭ പരിധിയിൽ സൂര്യ മെട്രോ എന്നീ രണ്ടു തീയറ്ററുകളാണ് പ്രവർത്തിക്കുന്നത്. മെട്രോ തീയറ്ററിന്റെ 2022 മെയ്, ജൂലൈ, 2023 ജനുവരി മാസങ്ങളിലെ ഡി സി ആർ പരിശോധനയ്ക്കായി ലഭ്യമാക്കിയിരുന്നില്ല. സൂര്യ തീയേറ്ററിന്റെ ഡി സി ആർ പരിശോധിച്ചതിൽ നഗരസഭയ്ക്ക് വിനോദ നികുതി യിനത്തിൽ യഥാർത്ഥത്തിൽ ലഭ്യമാകേണ്ടിയിരുന്ന തുകയേക്കാൾ, ഡിസിആർ പ്രകാരം പിടിച്ചെടുത്ത തുകയിൽ താഴെപ്പറയും പ്രകാരം 63780/ രൂപയുടെ കുറവ് വന്നതായി കാണുന്നു. എല്ലാ ടിക്കറ്റുകളും 100 രൂപയിൽ കൂടുതലായതിനാൽ ആകെ തുകയുടെ 8.5% ആണ് വിനോദ നികുതി അടവാക്കാനുള്ളതായി കണക്കാക്കിയിരിക്കുന്നത്.

| മാസം | ഈടാക്കേണ്ടിയിരുന്ന വിനോദ നികുതി | ഈടാക്കിയ വിനോദ നികുതി | കുറവ് |
|---|---|---|---|
| ജൂൺ 2022 | 33544 | 31949 | 1595 |
| ജൂലൈ 2022 | 149459 | 131995 | 17464 |
| സെപ്റ്റംബർ 2022 | 51292 | 48969 | 2323 |
| ഒക്ടോബർ 2022 | 98187 | 93771 | 4416 |
| നവംബർ 2022 | 58017 | 55369 | 2648 |
| ഡിസംബർ 2022 | 71555 | 68313 | 3242 |
| ഏപ്രിൽ 2022 | 145748 | 138841 | 6907 |
| മെയ് 2022 | 134612 | 124132 | 10480 |
| ആഗസ്റ്റ് 2022 | 127088 | 121323 | 5765 |
| ജനുവരി 2023 | 85987 | 82079 | 3908 |
| ഫെബ്രുവരി 2023 | 88062 | 84057 | 4005 |
| മാർച്ച് 2023 | 14425 | 13398 | 1027 |
| ആകെ | 1057976 | 994196 | 63780 |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/23.01.24) ഡി സി ആർ ഉം നികുതി അടച്ചതിന്റെ വിവരങ്ങളും സമർപ്പിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നഗരസഭയ്ക്ക് തനത് ഫണ്ടിനത്തിൽ ലഭിക്കുന്ന ഒരു പ്രധാന വരുമാന ശ്രോതസ്സായ വിനോദ നികുതിയിൽ ഉണ്ടായ കുറവ് നഗരസഭയ്ക്ക് വരുമാന നഷ്ടമുണ്ടാക്കുന്നതിനാൽ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്താതിരിക്കുകയും അടിയന്തിരമായി വിനോദനികുതി നിർണ്ണയത്തിലെ അപാകതകൾ പരിശോധിച്ച് കുറവുവന്ന തുക ഈടാക്കുകയും ചെയ്യേണ്ടതാണ്.

**1-18 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു**

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 443 വകുപ്പ്, 2011 ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 72 പ്രകാരം ധാന്യങ്ങളുടെ സംഭരണവും വില്പനയും നടത്തുന്ന സ്ഥാപനങ്ങൾ, ഇനം 112 പ്രകാരം പാലും പാലുൽപ്പന്നങ്ങളുടെ സംഭരണവും വില്പനയും നടത്തുന്ന സ്ഥാപനങ്ങൾ, ഇനം 154 പ്രകാരം അബ്കാരി ഷാപ്പുകൾ എന്നിവ ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ലൈസൻസ്

ഇല്ലാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. നഗരസഭാ പരിധിയിൽ റേഷൻ കടകൾ, ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ, ഷാപ്പുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27/22.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളുടേയും ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-19 മുൻ വർഷങ്ങളിലെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല**

2022-23 വർഷത്തിന് മുൻപുള്ള വർഷങ്ങളിലെ നഗരസഭയുടെ വാടക കുടിശിക ഇനത്തിൽ 53187/- രൂപ നഗരസഭാ ഫണ്ടിലേക്ക് ലഭിക്കുവാൻ വാർഷിക ധനകാര്യ പത്രിക പ്രകാരം അവശേഷിക്കുന്നു. എന്നാൽ വാടക രജിസ്റ്റർ പ്രകാരം 196598/- രൂപ കുടിശ്ശിക ഇനത്തിൽ ലഭ്യമാകാനുണ്ട്. എന്നാൽ വാടക രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ കുടിശ്ശിക സംബന്ധിച്ച ആധികാരിക വിവരങ്ങൾ ലഭ്യമല്ല. രജിസ്റ്റർ പ്രകാരം വാടക കുടിശിക വരുത്തിയ കുത്തകക്കാരുടെ പേര് വിവരങ്ങൾ, കുടിശിക തുക, കാലയളവ് തുടങ്ങിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര് | ഷോപ്പിംഗ് കോംപ്ലക്സ് / റൂം നമ്പർ | പ്രതിമാസ വാടക | കുടിശ്ശിക മാസം | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | ഹഫീസ് എം ഇ മഠത്തിൽ | പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് 7 | 6571 | 7/2021 - 3/2022 | 52568 |
| 2 | ജോസ് തെക്കേൽ തെക്കേൽ | പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് 20 | 1793 | 7/2021 - 3/2022 | 14344 |
| 3 | പി എം സവാദ് പുത്തൻപീടികയിൽ | പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് 21 | 1627 – 2019-20 1676 – 2020 -21 1793 – 2021-22 | 01/2020 - 3/2022 | 46509 |
| 4 | റെജി പി എം പടിക്കാമറ്റത്തിൽ | പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് 24 | 1793 | 10/2021 - 3/2022 | 10758 |
| 5 | പ്രിൻസി ജോർജ് തൈക്കൂട്ടത്തിൽ | പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് | 1793 | 1/2022 - 3/2022 | 5379 |

| | | | | | |
|---|---|---|---|---|---|
| | | 25 | | | |
| 6 | പ്രസിഡന്റ് നന്മക്കൂട്ടം | പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് 41 | 500 – 2020-21 535 – 2021-22 | 3/2021 - 3/2022 | 6920 |
| 7 | ഉമ്മർ മറ്റക്കാട് | വനിതാ ഉൽപ്പന്ന വിപണന കേന്ദ്രം 4/405 A | 5010 | 04/2021 - 3/2022 | 60120 |
| | | **ആകെ** | | | **196598** |

മേൽ വ്യത്യാസം സംബന്ധിച്ചും വാടക കൃത്യമായി പിരിച്ചെടുക്കാത്തത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (08/19.01.2024) തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാടക കുടിശ്ശിക കൃത്യമാക്കേണ്ടതും ആയത് ഈടാക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-20 2022-23 വർഷത്തെ വാടകയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു**

വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ 2022-23 വർഷം ഈരാറ്റുപേട്ട നഗരസഭയുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കെട്ടിടങ്ങൾക്ക് താഴെപ്പറയും വിധം വാടക കുടിശ്ശിക നിലനിൽക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര് | ഷോപ്പിംഗ് കോംപ്ലക്സ് / റൂം നമ്പർ | പ്രതിമാസ വാടക | കുടിശ്ശിക മാസം | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | ഹഫീസ് എം ഇ മാത്തിൽ | പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് 7 | 7031 | 4/2022 - 3/2023 | 84372 |
| 2 | മുഹമ്മദ്സാലി പി എസ് പുതുപ്പറമ്പിൽ | പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് 16 | 4476 | 9/2022 - 3/2023 | 31332 |
| 3 | ജോസ് തെക്കേൽ തെക്കേൽ | പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് 20 | 1919 | 7/2022 - 3/2023 | 17271 |
| 4 | പി എം സവാദ് പുത്തൻപീടികയിൽ | പ്രൈവറ്റ് ബസ് | 1919 | 4/2022 - | 23028 |

| | | | | | |
|---|---|---|---|---|---|
| | | സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് 21 | | 3/2023 | |
| 5 | റെജി പി എം പടിക്കാമറ്റത്തിൽ | പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് 24 | 1919 | 7/2022 - 3/2023 | 17271 |
| 6 | പ്രിൻസി ജോർജ് തൈക്കൂട്ടത്തിൽ | പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് 25 | 1919 | 7/2022 - 3/2023 | 17271 |
| 7 | സാബു മാത്യൂ ആറ്റുചാലിൽ | പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് 26 | 1919 | 2/2023 - 3/2023 | 3838 |
| 8 | സ്വാലിഹ് കൊന്നച്ചാടത്ത് | പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് 37 | 4476 | 1/2023 - 3/2023 | 13428 |
| 9 | എ കെ അബ്ദുൾഖാദർ ആലുംതറ | പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് 38 | 7031 | 2/2023 - 3/2023 | 14062 |
| 10 | ഷീബാമോൾ പുളിക്കച്ചാലിൽ | പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് 40 | 5753 | 1/2023 - 3/2023 | 11506 |
| 11 | പ്രസിഡന്റ് നന്മക്കൂട്ടം | പ്രൈവറ്റ് ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് 41 | 572 | 4/2022 - 3/2023 | 6864 |

| | | | | | |
|---|---|---|---|---|---|
| 12 | ഉമ്മർ മറ്റക്കാട് | വനിതാ ഉൽപ്പന്ന വിപണന കേന്ദ്രം 4/405 A | 6012 | 01/2023 - 3/2023 | 18036 |
| 13 | ബഷീർ ഇ പി ഇലവുംകൽത്താഴെ | വനിതാ ഉൽപ്പന്ന വിപണന കേന്ദ്രം 4/405 E | 6012 | 12/2022 - 3/2023 | 24048 |
| 14 | മഹീൻ എ ജബ്ബാർ പാറയിൽ | A5 | 3850 | 1/2023 - 3/2023 | 11550 |
| 15 | മഹീൻ എ ജബ്ബാർ പാറയിൽ | A6 | 3850 | 1/2023 - 3/2023 | 11550 |
| 16 | മഹീൻ എ ജബ്ബാർ പാറയിൽ | A7 | 3850 | 1/2023 - 3/2023 | 11550 |
| | | **ആകെ** | | | **316977** |

എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം വാടക കുടിശ്ശിക 905247/- രൂപയാണ്. മേൽ വ്യത്യാസം വിശദീകരിക്കേണ്ടതും വാടക കൃത്യമായി പിരിച്ചെടുക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (07/19.01.2024) തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നഗരസഭയിൽ വാടക രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. ആയതിനാൽ വാടക കുടിശ്ശിക സംബന്ധിച്ച യഥാർത്ഥ വിവരങ്ങൾ ലഭ്യമായിട്ടില്ല. വാടക രജിസ്റ്റർ കൃത്യമാക്കേണ്ടതും കുടിശ്ശിക വിവരങ്ങൾ പുതുക്കി സൂക്ഷിക്കേണ്ടതും കുടിശ്ശിക തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-21 നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു**

വാടക രജിസ്റ്റർ പ്രകാരം നഗരസഭയുടെ അധീനതയിൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, വനിതാ ഉൽപ്പന്ന വിപണന കേന്ദ്രം എന്നിങ്ങനെ കെട്ടിടങ്ങളിലെ വിവിധ മുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. എന്നാൽ നഗരസഭയുടെ അധീനതയിൽ വാടകയ്ക്ക് നൽകാവുന്ന കെട്ടിടങ്ങളുടെ എണ്ണം, ഓരോകെട്ടിടത്തിലുമുള്ള ആകെ മുറികളുടെ എണ്ണം, വാടകയ്ക്ക് നൽകിയ മുറികളുടെ എണ്ണം, ഒഴിഞ്ഞു കിടക്കുന്ന മുറികളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല. മേൽ വിവരങ്ങൾ ( കെട്ടിടമുറികളുടെ നമ്പർ ഉൾപ്പെടെ) ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (06/19.01.2024) പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിൽ 41 മുറികളും വനിതാ ഉൽപ്പന്ന വിപണന കേന്ദ്രത്തിൽ 12 മുറികളും മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിൽ 20 മുറികളുമുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ വനിതാ ഉൽപ്പന്ന വിപണന കേന്ദ്രത്തിലെ ഒരു മുറിയും മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 15 മുറികളും ഒഴിഞ്ഞു കിടക്കുന്നുണ്ട്. സർക്കാർ ഫണ്ടും നഗരസഭാ ഫണ്ടും ഉപയോഗിച്ച് പണിത കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നത് വരുമാന നഷ്ടത്തിന് ഇടയാക്കുമെന്നതിനാൽ മുറികൾ ലേലം ചെയ്ത് വാടകയ്ക്ക് നൽകേണ്ടതാണ്.

**1-22 സുരക്ഷിതമല്ലെന്ന് സാങ്കേതിക വിഭാഗം സാക്ഷ്യപ്പെടുത്തിയ കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നു**

നഗരസഭയുടെ അധീനതയിലുള്ള പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിൽ 41 മുറികളാണുള്ളത്. ഇതിൽ 37 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. 4 മുറികൾ ഒഴിഞ്ഞുകിടക്കുന്നു. നഗരസഭയുടെ അധീനതയിൽ ഒഴിഞ്ഞു കിടക്കുന്ന മുറികളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (06/19.01.2024) പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം സുരക്ഷിതമല്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ 12.10.2023 ൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണ് എന്ന് മറുപടി ഹാജരാക്കിയിട്ടുണ്ട്. ഉപയോഗക്ഷമമല്ലാത്ത (Structurally Unfit) കെട്ടിടത്തിലെ മുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നത്

നിയമലംഘനത്തിന് കാരണമാകുന്നതാണ്. അൺഫിറ്റായ കെട്ടിടത്തിന് സംഭവിക്കാവുന്ന അപകടങ്ങൾക്ക് നഗരസഭ ഉത്തരവാദിയായിരിക്കുന്നതാണ്. പരിഹരിക്കാവുന്ന അപാകതകൾ ആണെങ്കിൽ ആയവ പരിഹരിച്ച് കെട്ടിടത്തിന് ഫിറ്റ്നെസ് ലഭ്യമാക്കുന്നതിനും അല്ലെങ്കിൽ കെട്ടിടത്തിലെ മുറികൾ ഒഴിപ്പിച്ച് സർക്കാരിൽ നിന്നും അനുമതി തേടി കെട്ടിടം പൊളിച്ചു നീക്കുന്നതിനും അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-23 അധിക വിഭവ സമാഹരണം**

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(v) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സാമ്പത്തികമാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 08.01.2021 ലെ സർക്കാർ ഉത്തരവ് (പി) നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി ഈരാറ്റുപേട്ട ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതിസംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.

തനതുവരുമാനമായ വസ്തു നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയോഗങ്ങളിൽ ചർച്ചകൾ നടത്തി തീരുമാനങ്ങൾ ക്രോഡീകരിക്കുകയും തുടർനടപടികൾക്കായി ജനറൽ കൗൺസിൽ യോഗങ്ങളിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മറ്റു വരവിനങ്ങൾ വർദ്ധിപ്പിക്കുന്നതിമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിട്ടില്ലെന്നു കാണുന്നു. സ.ഉ.(കൈ) നം.77/2023/എൽ.എസ്.ജി.ഡി തീ. 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള കെട്ടിടനികുതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 05.04.2023-ലെ സ.ഉ (അച്ചടി) നം 26/2023/എൽ.എസ്.ജി.ഡി പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് അംഗീകരിച്ചുകൊണ്ട് 25.04.2023 ലെ II/1 തീരുമാനപ്രകാരം കൗൺസിൽ തീരുമാനമെടുക്കുകയുണ്ടായി. കൂടാതെ എല്ലാ കെട്ടിടങ്ങളുടേയും വാർഷികവസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വർദ്ധനവ് വരുത്തി അടുത്ത 5 വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് നഗരസഭയുടെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ ഇനം കെട്ടിടങ്ങൾക്കും 01.04.2023 മുതൽ പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി 25.11.2023 ലെ R2/R1-2327/2023 പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആക്ഷേപങ്ങൾ ഇല്ലാത്തതിനാൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് 30.12.2023 തീയതിയിലെ 16/1 നം. തീരുമാന പ്രകാരം കൗൺസിൽ തീരുമാനിച്ചിരുന്നു. എന്നാൽ അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. നഗരസഭയുടെ പ്രധാന വരുമാന തനത് വരുമാന സ്രോതസ്സായ വസ്തുനികുതിയിൽ 2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം 35 ലക്ഷത്തിലേറെ രൂപ കുടിശ്ശികയുണ്ട്. വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുകയോ പിരിവ് നടത്തുകയോ ചെയ്തിട്ടില്ല.

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. തൊഴിൽ നികുതി ഈടാക്കേണ്ട സ്ഥാപനങ്ങളുടെയും ജീവനക്കാരുടേയും കൃത്യമായ ഡേറ്റാബേസ് തയ്യാറാക്കിയിട്ടില്ല. അഡ്വക്കേറ്റമാർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ, കരാറുകാർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഡേറ്റാബേസ് തയ്യാറാക്കി ഡിമാന്റ് ചെയ്യാത്തതുമൂലം തൊഴിൽ നികുതി ഇനത്തിൽ നഗരസഭാ ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

ട്രേഡേഴ്സ് ലിസ്റ്റ് നഗരസഭയിൽ തയ്യാറാക്കിയിട്ടില്ല. ലൈസൻസ് പരിധിയിൽ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ല.

ലൈസൻസ് നൽകുന്നതിന് വാർഡ് കൗൺസിലർമാരുടെ നേതൃത്വത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണ്. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീസും സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം 9.5 ലക്ഷത്തിലധികം രൂപ വാടക കുടിശ്ശികയുണ്ട്. വാടകയിനത്തിൽ ദീർഘനാളായി അവശേഷിക്കുന്ന കുടിശ്ശിക നഗരസഭയ്ക്ക് ഈടാക്കാൻ സാധിക്കില്ല എന്ന് ഉത്തമബോധ്യപ്പെടുന്ന സംഗതികളിൽ ആയത് ഈടാക്കുന്നതിന് നിയമ നടപടികൾ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്. വാടക കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിൽ അതേ കുത്തകക്കാർക്ക് വീണ്ടും വാടകയ്ക്ക് നൽകുന്ന സാഹചര്യം ഒഴിവാക്കിയാൽ കുടിശ്ശിക വീണ്ടും ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കാവുന്നതാണ്. നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിച്ചാൽ മുറികളുടെ ലേലത്തിൽ കൂടുതൽ ആളുകൾ പങ്കെടുക്കുന്നതാണ്.
തിയേറ്ററുകളിൽ നിന്നും കൃത്യമായ ഡി സി ആർ ഇല്ലാതെയാണ് വിനോദ നികുതി അടവാക്കുന്നത്. ആയതിനാൽ വിനോദ നികുതി കൃത്യമായി ലഭ്യമാകുന്നില്ല. അടവാക്കുന്ന വിനോദ നികുതിയിൽ കൃത്യമായ പരിശോധന നടത്തി ടിക്കറ്റ് നിരക്കിനനുസരിച്ച് വിനോദ നികുതി ഈടാക്കേണ്ടതാണ്.

**1-24 ഔദ്യോഗിക ക്വാർട്ടേഴ്സ് സൗകര്യത്തിനുപുറമെ നഗരസഭ സെക്രട്ടറിക്ക് വീട്ടുവാടക ബത്ത കൂടി അനുവദിച്ചു.**

ഈരാറ്റുപേട്ട നഗരസഭ സെക്രട്ടറിയ്ക്ക് ക്വോർട്ടേഴ്സ് വാടക ഇനത്തിൽ പ്രതിമാസം 10000/-രൂപ വീതം 2022-23 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.സർക്കുലർ നം.10/84/fin തിയതി 21.02.1984 പ്രകാരം ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുള്ള ഓഫീസർമാർക്ക് വീട്ടുവാടക ബത്ത അനുവദനീയമല്ല.നഗരസഭ സെക്രട്ടറി ടി സാമ്പത്തിക വർഷം വീട്ടുവാടക ബത്ത ഇനത്തിൽ 43620 രൂപ കൈപ്പറ്റിയിട്ടുണ്ട്.ആയതിന്റെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| മാസം | അടിസ്ഥാനശമ്പളം | അനുവദിച്ച വീട്ടുവാടക |
|---|---|---|
| 04/22 | 59300 | 3558 |
| 05/22 | 60700 | 3642 |
| 06/22 | 60700 | 3642 |
| 07/22 | 60700 | 3642 |
| 08/22 | 60700 | 3642 |
| 09/22 | 60700 | 3642 |
| 10/22 | 60700 | 3642 |
| 11/22 | 60700 | 3642 |
| 12/22 | 60700 | 3642 |
| 01/23 | 60700 | 3642 |
| 02/23 | 60700 | 3642 |
| 03/23 | 60700 | 3642 |
| | ആകെ | 43620 |

നഗരസഭാ സെക്രട്ടറിയ്ക്ക് ക്വോർട്ടേഴ്സ് അനുവദിച്ചിട്ടുള്ളതിനാൽ വീട്ടുവാടക ബത്ത അനുവദിച്ചത് തെറ്റാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും (നമ്പർ 03/19.01.2024)മറുപടി ലഭ്യമാക്കിയിട്ടില്ല. വീട്ടുവാടക ബത്ത ഇനത്തിൽ അനധികൃതമായി അനുവദിച്ച 43620/- രൂപ തിരികെ ഈടാക്കിയും, നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് അടവാക്കിയും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-25 ഇന്ധന ഉപയോഗം-അപാകതകൾ**

നഗരസഭയുടെ വിവിധ വാഹനങ്ങളുടെ ഇന്ധന ഉപയോഗം സംബന്ധിച്ച വിധ ഫയലുകൾ പരിശോധിച്ചതിൽ നിരവധി അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1.വൗച്ചർ നമ്പർ 22200328/26.07.22 പ്രകാരം 339390/- രൂപ ചെലവഴിച്ച് നഗരസഭയുടെ വിവിധ വാഹനങ്ങളിൽ ഇന്ധനം നിറച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ 01/22, 02/22, 03/22, 04/22,05/22 മാസങ്ങളിലെ വാഹനങ്ങളുടെ ഇന്ധനചെലവിനും ജനറേറ്റർ

ഉപയോഗത്തിനുമായാണ് പ്രസ്തുത തുക ചെലവഴിച്ചതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലോഗ് ബുക്ക് പരിശോധിച്ചതിൽ ഇന്ധന ഉപയോഗം സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലുകളും നടത്തിയിട്ടുള്ളതായി കാണുന്നില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 15/22.01.2024) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നമ്പർ | വാഹന നമ്പർ | ഇന്ധന അളവ് | തുക |
|---|---|---|---|
| 23570/17.03.22 | KL35D786 | 20 | 2097.80 |
| 735/11.04.22 | KL35F 9549 | 55 | 5643.55 |
| 1887/25.04.22 | ,, | 55 | 5065.50 |
| 22936/08.03.22 | ,, | 55 | 5065.50 |
| 23571/17.03.22 | ,, | 55 | 5065.50 |
| 24486/30.03.22 | ,, | 55 | 5388.50 |
| 23832/21.03,22 | KL35G3107 | 45 | 4144.50 |
| 24292/26.03.22 | ,, | 37 | 3531.65 |
| 22983/09.03.22 | ,, | 45 | 4144.50 |
| 23101/11/03.22 | ,, | 15 | 1381.50 |
| 23367/14.03.22 | ,, | 45 | 4144.50 |
| 22829/17.03.22 | KL35G9654 | 4 | 419.56 |
| 23496/16.03.22 | ,, | 4 | 419.56 |
| 22988/09.03.22 | KL35H6377 | 30 | 2763.30 |
| 2970/06.05.22 | ,, | 30 | 3078.30 |
| 3463/11.05.22 | ,, | 45 | 4617.45 |
| 4110/19.05.22 | ,, | 45 | 4617.45 |
| 4661/26.05.22 | ,, | 25 | 2379.75 |
| 4764/28.05.22 | ,, | 46 | 3807.60 |
| ആകെ | | | 67776.12 |

ഇന്ധന വിവരങ്ങൾ ലോഗ് ബുക്കിൽ ഉൾപ്പെടുത്താത്ത സാഹചര്യത്തിൽ 67776.12 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2.വൗച്ചർ നമ്പർ 52200877/21.02.23 പ്രകാരം സി.സി.എം ഓയിൽസ് ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിന്, 08/22, 09/22, 10/22, 11/22 എന്നീ മാസങ്ങളിലായി നഗരസഭയുടെ വിവിധ വാഹനങ്ങളുടെ ഇന്ധന ഉപയോഗത്തിനായി 339978 രൂപയുടെ രൂപ നൽകിയിട്ടുണ്ട്. എന്നാൽ സി.സി.എം ഓയിൽസ് എന്ന സ്ഥാപനം നൽകിയ രസീതുകൾ, ഏതെല്ലാം വാഹനങ്ങളിലാണ് ഇന്ധനം നിറച്ചത് എന്നത് സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ ഇല്ല. ആയതിനാൽ 339978/- രൂപയുടെ ഇന്ധന ഉപയോഗം സംബന്ധിച്ച ചെലവ് വിവരങ്ങളുടെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ 339978/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3.ജനറേറ്റർ-ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല.

മേൽ വൗച്ചർ പ്രകാരം ടി സാമ്പത്തിക വർഷം 15406/- രൂപയുടെ ഇന്ധനം ജനറേറ്ററിന്റെ പ്രവർത്തനത്തിനായി വാങ്ങിയിട്ടുള്ളതായി കാണുന്നു. എന്നാൽ ലോഗ് ബുക്ക് പരിശോധിക്കുവാൻ സാധിക്കാത്തതുമൂലം ഇതു സംബന്ധിച്ച കൃത്യത ഉറപ്പു വരുത്തുവാൻ കഴിഞ്ഞിച്ചില്ല. ടി സാഹചര്യത്തിൽ 15406/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**4. ഔദ്യോഗിക വാഹനങ്ങളുടെ ഇന്ധനക്ഷമത നടത്തിയതായി കാണുന്നില്ല**

നഗരസഭയുടെ വിവിധ വാഹനങ്ങളുടെ ഇന്ധനക്ഷമത പരിശോധിച്ചതായി കാണുന്നില്ല.ഇന്ധനനക്ഷമത പരിശോധിച്ച് ആയതിന്റെ സാക്ഷ്യപത്രം ലോഗ് ബുക്കിൽ പതിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇന്ധനക്ഷമത പരിശോധിച്ച്

ആയതിന്റെ സാക്ഷ്യപത്രം ലോഗ് ബുക്കിൽ സൂക്ഷിക്കേണ്ടതാണ്..

മേൽ പരാമർശിച്ചിട്ടുള്ള അപാകതകളിന്മേൽ വിശദമായ ന്യൂനതാ പരിഹാര റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

**1-26 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ചെലവുകൾ - വൗച്ചറുകൾ പൂർണ്ണമായും പരിശോധനയ്ക്ക് നൽകിയിട്ടില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം / പ്രോജക്ട് | 06/23 , കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ചെലവുകൾ |
| ചെലവ് | 582105 (MG ( NR)) |
| ബിൽ നം | 83/07.02.23 ,90/20.03.23 |

പ്രസ്തുത പ്രോജക്ട് പ്രകാരം വിവിധ സ്ഥാപന മോധാവികൾക്ക് വിവിധ ഇനങ്ങളിലായി തുക കൈമാറിയിട്ടുണ്ട്. ചുവടെ ചേർത്തിരിക്കുന്ന സ്ഥാപന മേധാവികൾക്ക് പട്ടികയിൽ ചേർത്തിരിക്കുന്ന തുക അനുവദിച്ചത് സംബന്ധിച്ച വൗച്ചറുകളും , ട്രഷറി ബില്ലുകളുടെ പകർപ്പും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| സ്ഥാപന മേധാവി / സ്ഥാപനം | തുക |
|---|---|
| HM , GMLPS ഈരാറ്റുപേട്ട | ആകെയുള്ള 25,761 രൂപയിൽ 16014 രൂപയുടെ വൗച്ചറുകളുടെ വിവരങ്ങൾ മാത്രമേ ഫയലിൽ ചേർത്തിട്ടുള്ളൂ. |
| രമ്യ R , കൃഷി ഓഫീസർ | 6811 |
| HMC , FHC ഈരാറ്റുപേട്ട | 60000 |
| ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ് , ടെലഫോൺ ചാർജ്ജ് ഇനത്തിലുള്ള തുക 456496 രൂപ നഗരസഭ അടവാക്കിയത് തനത് ഫണ്ടിലേയ്ക്ക് റീക്കൂപ്പ് ചെയ്തത്. |
| മിനി ജോസഫ് , ICDS സൂപ്പർവൈസർ | 16052 |
| ആകെ തുക | 549106 രൂപ |

വൗച്ചറുകൾ പരിശോധനയ്ക്ക് നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (34/23.01.24) മറുപടി ലഭ്യമാക്കിയില്ല. വൗച്ചറുകളുടെ അഭാവത്തിൽ ചെലവ് വിവരങ്ങൾ ലഭ്യമാകാത്ത 549106 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-27 ബഡ്സ് സ്കൂൾ കുട്ടികൾക്ക് ഭക്ഷണം - ചെലവ് വൗച്ചറുകൾ പൂർണ്ണമായും ലഭ്യമായില്ല**

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം / പ്രോജക്ട് | 05/23 , ബഡ്സ് സ്കൂൾ കുട്ടികൾക്ക് ഭക്ഷണം |
| ചെലവ് | 38,827 ( വികസന ഫണ്ട്) |

നടയ്ക്കൽ ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് ഭക്ഷണം തയ്യാറാക്കുന്നതിനായുള്ള അനുബന്ധ ചെലവുകൾക്കായി ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ബിൽ നം / തീയതി | തുക |
|---|---|---|

| | | |
|---|---|---|
| 1 | 12/30.06.22 | 5358 |
| 2 | 63/06.08.22 | 16817 |
| 3 | 35/30.09.22 | 7717 |
| 4 | 98/28.03.23 | 8935 |
| | ആകെ | 38827 |

ക്രമ നം . 3, 4 ബില്ലുകളോടൊപ്പം സബ് വൗച്ചറുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ക്രമ നം.3 അനുബന്ധ വൗച്ചറുകളുടെ വിശദാംശങ്ങൾ നോട്ട് ഫയലിൽ എഴുതിയിട്ടുണ്ടെങ്കിലും അനുബന്ധ വൗച്ചറുകൾ ഫയലിൽ ചേർത്തിട്ടില്ല. ക്രമ നം . 3, 4 ചെലവുകളുടെ അനുബന്ധ വൗച്ചറുകളും ഫുഡ് സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 04/19.01.24) മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ പ്രസ്തുത വൗച്ചറുകൾ പ്രകാരം ചെലവഴിച്ച 16652 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-28 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - പ്രോജക്ട് ചെലവ് തടസ്സപ്പെടുത്തുന്നു.**

2022-23 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന ഫയലുകൾ ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം | ചെലവ് | ബിൽ നം/ തീയതി |
|---|---|---|---|
| 1 | 08/23 , പദ്ധതി രൂപീകരണം , മോണിട്ടറിംഗ് (New) | 94,822 വികസന ഫണ്ട് ( ജനറൽ) | 32 /14.09.22 |
| 2 | 62/23 , പദ്ധതി രൂപീകരണം , മോണിട്ടറിംഗ് (SO) | 1,61,660 വികസന ഫണ്ട് ( ജനറൽ) 11915 തനത് ഫണ്ട് | 02/06.06.22, 11/03.06.22, 84/07.02.23, 93/29.03.23 |
| 3 | 284/23, നഗര സഭയിൽ സ്ഥലം ഏറ്റെടുത്ത വകയിൽ വിധിക്കടം അടവാക്കുന്നത് സംബന്ധിച്ച് (SO) | 1,22,632 (തനത് ഫണ്ട് ) | ചെക്ക് നം / തീയതി 557548/29.03.23 |
| | ആകെ | 391029 | |

പ്രോജക്ട് ഫയലുകൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് 14/20.01.24 നമ്പർ എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും തുടർ നടപടികളുണ്ടായില്ല. പ്രോജക്ട് ഫയലുകളുടെ അഭാവത്തിൽ പ്രസ്തുത പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച 391029 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-29 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു,**

സെക്രട്ടറി നിർവ്വഹിച്ച ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ചേർത്തിട്ടില്ല .

| പ്രോജക്ട് നം / പ്രോജക്ട് | ചെലവ് | ബിൽ നം / ചെക്ക് നം / തീയതി | നിർവ്വഹണ ഏജൻസി |
|---|---|---|---|
| 197/23 , | 140053 | ചെക്ക് നം . | സകെ എസ് |

| | | | |
|---|---|---|---|
| പോലീസ് സ്റ്റേഷൻ വാക്കാം പറമ്പ് റോഡ് പോസ്റ്റ് മാറ്റൽ | (തനത് ഫണ്ട്) | 836988/11,11,22 | ഇ ബി , ഈരാറ്റുപേട്ട ഇലക്ട്രിക് സെക്ഷൻ |
| 285/23 , ഡിവിഷൻ 67 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റാൻ കെ എസ് ഇ ബിയിൽ തുക നൽകൽ | 121648 (തനത് ഫണ്ട്) | ചെക്ക് നം . 55734/16.03.23 | |
| 68/23 , വയോമിത്രം പദ്ധതി -സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ | 1000000 (വികസന ഫണ്ട് (ജനറൽ)) | 44/07.10.22 | കേരളാ സാമൂഹ്യ സുരക്ഷാ മിഷൻ |
| 65/23 , IKM വിഹിതം | 75000 വികസന ഫണ്ട് (ജനറൽ)) | 73/04.01.23 | IKM |
| ആകെ | 1336701 | | |

വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ വിവരം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 05/ 19.01.24) ധനവിനിയോഗസാക്ഷ്യപത്രങ്ങൾ താമസംവിനാ ലഭ്യമാക്കുന്നതാണെന്ന മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച 13,36,701 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-30 സെക്രട്ടറി നിർവ്വഹണം നടത്തിയ വാങ്ങൽ പ്രോജക്ടുകൾ – സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു.**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരമുള്ള പർച്ചേസുകളുടെ സ്റ്റോക്ക് രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം | ചെലവ് | ബിൽ നം / തീയതി | വാങ്ങൽ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | 103/23 , CDS ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ , പ്രിന്റർ വാങ്ങൽ | 64957വികസന ഫണ്ട് ( ജനറൽ) | 81/04.02.23 | ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടർ , പ്രിന്റർ എന്നിവ യഥാക്രമം കെ എം ടെക്നോളജീസ് , എസ് എം സോഫ്റ്റ് കമ്പ്യൂട്ടേഴ്സ് എന്നിവിടങ്ങളിൽ |

| | | | | |
|---|---|---|---|---|
| | | | | നിന്ന് വാങ്ങി. |
| 2 | 210/23 , നഗരസഭാ ഓഫീസിലേയ്ക്ക് കസേര വാങ്ങൽ | 28689 ( സി എഫ് സി) | 80/04.02.23 | S – ടൈപ്പ് എക്സിക്യൂട്ടീവ് ചെയർ - 3 എണ്ണം Armed പ്ലാസ്റ്റിക് ചെയർ - 25 എണ്ണം എന്നിവ ആർട്ട്കോ യിൽ നിന്നും വാങ്ങി. |
| | ആകെ | 93646 | | |

സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച 93646 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓരോ വർഷവും വിവിധങ്ങളായ വാങ്ങലുകൾ പ്രകാരം ലഭ്യമാകുന്ന കമ്പ്യൂട്ടർ ഉപകരണങ്ങളും, ഫർണ്ണിച്ചറുകളും സ്ഥിരമായും, ആധികാരികമായും സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, നിശ്ചിത ഇടവേളകളിൽ ഭൗതിക പരിശോധനാ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്.

**1-31 ആശ്രയ പ്രോജക്ട് - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ**

ചലഞ്ച് ഫണ്ട് ലഭിക്കാത്ത സാഹചര്യത്തിൽ ആശ്രയ ഗുണഭോക്താക്കൽക്ക് ഭക്ഷണകിറ്റ് വിതരണത്തിനായി ചുവടെ ചേർക്കുന്ന രണ്ട് പ്രോജക്ടുകൾ സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം | ചെലവ് | ബിൽ നം / തീയതി | ഫണ്ട് |
|---|---|---|---|---|
| 1 | 67/23 | 499826 | 79/31.03.23 | വികസന ഫണ്ട് ( ജനറൽ) |
| 2 | 46/23 | 498300 | 06/26.06.22 | |
| | ആകെ | 998126 | | |

ആശ്രയ ചലഞ്ച് ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ 233 ഗുണഭോക്താക്കൾക്ക് ത്രിവേണി സൂപ്പർ സ്റ്റോർ ഈരാറ്റുപേട്ടയിൽ നിന്ന് ഭക്ഷണകിറ്റ് വിതരണം ചെയ്യുന്നതിനായി രൂപീകരിച്ചതാണ് മേൽ പ്രോജക്ടുകൾ . ക്രമ നം . 1 പ്രകാരം 07/22 , 10/22 , 11/22 മാസങ്ങളിലെയും , ക്രമ നം. 2 പ്രകാരം 11/21 , 12/21, 01/22 മാസങ്ങളിലെയും ഭക്ഷണകിറ്റിനുള്ള (900 രൂപ , 700 രൂപ , 500രൂപ യുടെ കിറ്റുകൾ )തുക അനുവദിച്ചിരിക്കുന്നു. പ്രോജക്ടുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന വിവരങ്ങൾ ലഭ്യമായില്ല.

1 . 11/12/2021 ലെ 13-ാം കമ്മിറ്റി തീരുമാന പ്രകാരം അർഹത ഇല്ലാത്തവരെ ഒഴിവാക്കുന്നതിനും അർഹത ഉള്ളവരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ആയതിന്റെ തുടർ നടപടി വിവരവും അഗതി രഹിത കേരളം അന്തിമ സർവ്വേയിൽ ഗുണഭോക്താക്കളുടെ എണ്ണം 233 ആയി നിർണ്ണയിച്ച ആക്ഷൻ പ്ലാനും പരിശോധനയ്ക്ക് ലഭ്യമായില്ല.

2. 11/21 , 12/21, 01/22 മാസങ്ങളിലെ വിതരണ വിവരങ്ങൾ വിതരണവിവര രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. 07/22 , 10/22 , 11/22 മാസങ്ങളിലെ വിതരണ വിവരവും വിതരണ വിവരങ്ങൾ രജിസ്റ്ററിൽ നിന്ന് കൃത്യമായി പരിശോധിക്കാൻ സാധിക്കുന്നില്ല. ഭക്ഷണ വിതരണ കിറ്റിന്റെ വാർഡ് തലത്തിൽ സംഗ്രഹിച്ച റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3. 31.03.2022 ലെ 7 -ാം നമ്പർ തീരുമാന പ്രകാരം ചലഞ്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക ചെലവഴിച്ച വികസന ഫണ്ട് / തനത് ഫണ്ടിലേയ്ക്ക് റീക്രൂപ്പ് ചെയ്യാൻ തീരുമാനമായിട്ടുണ്ട്. തുക റീ ക്രൂപ്പ് ചെയ്തിട്ടുള്ളതിന്റെ വിവരങ്ങൾ ലഭ്യമായില്ല.

ഭക്ഷണകിറ്റുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ ക്രോഡീകരിച്ച് സൂക്ഷിക്കാത്ത സാഹചര്യത്തിൽ ആകെ ചെലവഴിച്ച 998126 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു,

**1-32 വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.**

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ കോക്ലിയർ ഇംപ്ലിമെന്റേഷൻ കഴിഞ്ഞകുട്ടികൾക്ക് അനുബന്ധഉപകരണങ്ങൾ നൽകൽ എന്ന പദ്ധതിപ്രകാരം 100000 രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് .ഒ 53/23 |
| അടങ്കൽ | 100000(വികസന ഫണ്ട്) |
| ചെലവ് | 100000(ബിൽ നമ്പർ 21/22-23/24.03.23 |

രണ്ട് ഗുണഭോക്താക്കൾക്കായി 50000 രൂപ വീതം ചെലവഴിക്കുന്നതിനാണ് തുക നൽകിയിട്ടുള്ളത്.എന്നാൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക കൈമാറിയതല്ലാതെ പദ്ധതി നടത്തിപ്പിന്റെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ടി സാഹചര്യത്തിൽ ചെലവഴിച്ച 100000 രൂപ തടസ്സപ്പെടുത്തുന്നു.വിനിയോഗ വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

**1-33 എഫ്.എച്ച്.സിയിലേയ്ക്ക് മരുന്നുവാങ്ങൽ - മുൻകൂറായി ഒടുക്കിയ തുകയിൽ മരുന്നു ലഭിക്കാൻ അവശേഷിക്കുന്നു**

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവഹണോദ്യോഗസ്ഥനായ വിവിധ പ്രോജക്ടുകളുടെ ഭാഗമായി എഫ്.എച്ച്.സിയിലേയ്ക്ക് മരുന്നുവാങ്ങുന്നതിലേയ്ക്കായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ കോർപ്പറേഷനിൽ മുൻകൂറായി തുക ഒടുക്കിയെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭിച്ചിരുന്നില്ല. ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് നമ്പർ/ പേര് | പ്രൊഫോർമ ഇൻവോയ്സ് നമ്പർ/ തീയതി | പ്രൊഫോർമ ഇൻവോയ്സ് തുക | ബിൽ നമ്പർ/ തീയതി | ലഭിച്ച മരുന്നുകളുടെ ആകെ വില | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|
| 4/23 എഫ്.എച്ച്.സിയിലേയ്ക്ക് മരുന്നുവാങ്ങൽ | 1049/20.8.2022, 1050/20.8.2022 | 754999 | 11/16.9.2022 | 639205 | 115794 |
| 56/23 ക്യാൻസർ/ കിഡ്നി രോഗികൾക്കുള്ള ചികിത്സയ്ക്കുള്ള സഹായം | 1620/12.10.2022 | 67702 | 18/31.10.2022 | 25670 | 42032 |
| 9/23 പാലിയേറ്റീവ് കെയർ പദ്ധതി | 4210/4.2.2023 | 99778 | 32/20.2.2023 | 70201 | 29577 |
| ആകെ | | 922479 | | 735076 | 187403 |

ഇതു സംബന്ധിച്ച് 18/22-01-2024 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 187403/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-34 സർക്കാർ സ്കൂളിൽ ബഞ്ചും ഡസ്കും - ക്വട്ടേഷൻ പരിഗണിക്കാതെ സാധനങ്ങൾ വാങ്ങി**

| | |
|---|---|
| പ്രോജക്ട് നം | 194/22-23 |
| പ്രോജക്ടിന്റെ പേര് | സർക്കാർ സ്കൂളിൽ ബഞ്ചും ഡസ്കും |
| നിർവഹണോദ്യോഗസ്ഥൻ | പ്രിൻസിപ്പൽ, ഗവ. എച്ച് എസ് എസ് |
| അടങ്കൽ | 200000 , മെയിന്റനൻസ് ഫണ്ട് (റോഡിതരം) |

| | |
|---|---|
| ചെലവ് | 199989 , മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ബിൽ നം. | 01/29.03.2023 |

സർക്കാർ സ്കൂളിൽ ബഞ്ചും ഡസ്കും എന്ന പ്രോജക്ട് പ്രകാരം മീനച്ചിൽ റബർ വുഡ്സ് എന്ന സ്ഥാപനത്തിൽ നിന്നും 10 എണ്ണം വീതം ബഞ്ച്, ഡെസ്ക് (C92/02.03.2023 - 83013/-) ആർട്സ്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് 10 എണ്ണം വീതം ബഞ്ച്, ഡെസ്ക് എന്നിവയും 4 വൈറ്റ് ബോർഡും (KTM 319/18.03.2023 – 116976/-) വാങ്ങിയിട്ടുണ്ട്. മേൽ 2 സ്ഥാപനങ്ങൾ ക്വോട്ട് ചെയ്ത തുക താഴെ കൊടുക്കുന്നു.

| | ബഞ്ച് | ഡെസ്ക് | വൈറ്റ് ബോർഡ് | കസേര |
|---|---|---|---|---|
| മീനച്ചിൽ റബർ വുഡ്സ് | 3000 | 3700 | - | - |
| ആർട്സ്കോ ലിമിറ്റഡ് | 3576 | 4538 | 4498 | 960 |

ബഞ്ച്, ഡെസ്ക് എന്നിവയ്ക്ക് മീനച്ചിൽ റബർ വുഡ്സ് ക്വോട്ട് ചെയ്തതിനേക്കാളും കൂടുതൽ തുകയാണ് ആർട്സ്കോ ലിമിറ്റഡ് എന്ന സ്ഥാപനം ക്വോട്ട് ചെയ്തത്. ക്വട്ടേഷൻ പരിഗണിക്കാതെ കൂടുതൽ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ബഞ്ചും ഡെസ്കും വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/20.01.2024) മീനച്ചിൽ റബർ വുഡ്സ് എന്ന സ്ഥാപനം ലഭ്യമാക്കുന്ന ബഞ്ചും ഡെസ്കും പൂർണ്ണമായും റബ്ബർ തടി കൊണ്ട് നിർമ്മിച്ചതായതിനാൽ ആയുസ്സ് കുറവാണെന്നും ആർട്സ്കോ ലിമിറ്റഡിന്റെ ബഞ്ച്, ഡെസ്ക് എന്നിവയ്ക്ക് ഇരുമ്പ് ഫ്രെയിം ഉള്ളതുകൊണ്ട് ആയുസ്സ് കൂടുതലായതിനാൽ മേൽ സ്ഥാപനത്തിൽ നിന്നും പകുതി എണ്ണം ബഞ്ച്, ഡെസ്ക് എന്നിവ വാങ്ങിയെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം സാധനങ്ങൾ ക്വട്ടേഷൻ പരിഗണിക്കാതെ വാങ്ങുന്നത് ക്രമപ്രകാരമല്ല. ക്വട്ടേഷൻ നോട്ടീസിലുള്ള സ്പെസിഫിക്കേഷനനുസരിച്ച് മാത്രമേ സാധനങ്ങൾ വാങ്ങാവൂ. രണ്ട് സ്ഥാപനങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങിയതിന് പർച്ചേസിംഗ് കമ്മറ്റിയുടെ തീരുമാനം ഫയലിൽ ലഭ്യമല്ല. പർച്ചേസിംഗ് കമ്മറ്റിയുടെ സാധൂകരണം ലഭ്യമാകുന്നതുവരെ 10 ബഞ്ചിന്റേയും ഡെസ്കിന്റേയും വിലയായ 81140/- രൂ (3576 * 10 + 4538 * 10) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-35 90 എം എം 10 കെ ജി - എച്ച് ഡി പൈപ്പ് സ്ഥാപിക്കൽ-എസ്റ്റിമേറ്റ് നിരക്കിന്റെ കൃത്യത വ്യക്തമല്ല.**

നഗരസഭയിൽ കുടിവെള്ള പദ്ധതികൾക്കായി പമ്പിംഗ്, വിതരണ ലൈനുകൾ സ്ഥാപിക്കുന്നതിന് 90 എം എം 10 കെ ജി - എച്ച് ഡി പൈപ്പ് ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. പ്രസ്തുത ഇനത്തിന് ഒബ്സേർവ്ഡ് ഡാറ്റാ പ്രകാരം മീറ്ററിന് 617.01 രൂപ വകയിരുത്തിയിട്ടുണ്ട്. ഇ-ടെണ്ടർ നടപടികളിലൂടെ പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാർ പ്രസ്തുത ഇനത്തിന് 25% വരെ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.വിശദവിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മർഹൂം നിസാർ കർബാനി മെമ്മോറിയൽ കുടിവെള്ള പദ്ധതി , 118/23 | 1685 M @ 617.01=1039662 (PAC) | 1685m@505.34=851497 (APAC) |
| മർഹൂം പികെ അലിയാർ സാഹിബ് മെമ്മോറിയൽ കുടിവെള്ള പദ്ധതി 244/23 | 1200 M @ 617.01=740412 (PAC) | 1200 M @ 462.75 =555300 (APAC) |

എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതമൂലം കരാർ തുകയിൽ വലിയ വ്യത്യാസം ഉണ്ടാകുന്ന എങ്കിൽ എസ്റ്റിമേറ്റ് റീ കാസ്റ്റ് ചെയ്ത് റീടെണ്ടർ ചെയ്യുന്നതിനാണ് വ്യവസ്ഥ ഉള്ളത്. യഥാർത്ഥ മാർക്കറ്റ് നിരക്ക് അടിസ്ഥാനത്തിൽ ഡാറ്റാ തയ്യാറാക്കാത്തത് മൂലം എസ്റ്റിമേറ്റ് നിരക്ക് വളരെ കൂടുതലായതിനാലാണ് കരാറുകാർ

അംഗീകരിച്ച നിരക്കിൽ വലിയ കുറവുണ്ടായത് എന്ന് വ്യക്തമാണ്. എഞ്ചിനീയറിംഗ് വിഭാഗം നിരക്ക് പുന:പരിശോധിക്കേണ്ടതും യഥാർത്ഥമാർക്കറ്റ് നിരക്ക് അടിസ്ഥാനത്തിൽ നിരക്ക് നിർണ്ണയിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി നഗരസഭക്ക് ധനനഷ്ടം ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. ഇത് സംബന്ധമായി സാങ്കേതിക ഉദ്യോഗസ്ഥരുടെ കൃത്യമായ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

**1-36 നഗരസഭ ഏറ്റെടുക്കുന്ന പെറ്റി വർക്കുകൾ വാർഷിക പദ്ധതിയുടെ ഭാഗമാകുന്നില്ല**

2022-23 വർഷം ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച പദ്ധതിയിൽ ഉൾപ്പെടാത്ത ധാരാളം പ്രവൃത്തികൾക്കായി (പെറ്റി വർക്കുകൾ) നഗരസഭ തുക ചെലവഴിച്ചിട്ടുണ്ട് .ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര നം | ഫയൽ നം | ചെലവ് തുക |
|---|---|---|
| 1 | E2/8380//21 | 47595 |
| 2 | E2/3042/22 | 48519 |
| 3 | E2/3039/22 | 48432 |
| 4 | E2/3470/22 | 26257 |
| 5 | E2/1068/22 | 43458 |
| 6 | E2/4630/21 | 44262 |
| 7 | E2/4630/21 | 47267 |

2000 ലെ ഗവ സർക്കുലർ 4676/പി 3/99 ത ഭ വ തീ 10-1-2000 പ്രകാരം നഗരസഭകളിൽ പെറ്റി വർക്കുകൾക്കുള്ള പരിധി 50000/-രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. അടിയന്തിരമായി ചെയ്യേണ്ടി വരുന്ന മെയിന്റനൻസ് പ്രവൃത്തികൾക്കാണ് ഇത്തരത്തിൽ തുക അനുവദിക്കാവുന്നത്. പ്രവൃത്തിയുടെ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം മുൻകൂറായി വാങ്ങേണ്ടതില്ലെങ്കിലും തുടർന്നുള്ള ആസൂത്രണസമിതിയിൽ സമർപ്പിച്ച് അനുമതി വാങ്ങുകയും വാർഷിക പദ്ധതിയുടെ ഭാഗമാക്കുകയും വേണം. എന്നാൽ നഗരസഭയിൽ 2022-23 വർഷം പെറ്റി വർക്കുകളായി ഏറ്റെടുത്ത പ്രോജക്ടുകൾ പരിശോധിച്ചതിൽ മിക്ക പ്രോജക്ടുകളും വാർഡ് കൗൺസിലറുടെ അപേക്ഷ പരിഗണിച്ച് ഏറ്റെടുത്ത റോഡ് മെയിന്റനൻസ് പ്രവൃത്തികളാണെന്നും ആയവ പെറ്റി വർക്കുകളിൽ ഉൾപ്പെടുത്തി ചെയ്യാൻ തക്ക അടിയന്തിര പ്രധാന്യമുള്ളവയായും കാണുന്നില്ല. ഈ സാഹചര്യത്തിൽ അടിയന്തിര പ്രാധാന്യമില്ലാത്ത പ്രോജക്ടുകൾ പെറ്റി വർക്കായി ഏറ്റെടുത്തതിനും ചെലവുനടന്ന പ്രവൃത്തികൾ പദ്ധതിയുടെ ഭാഗമാക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 25/22.01.2024 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. ഭരണസമിതി വിഷയം പരിഗണിച്ച് അടിയന്തിരസ്വഭാവമുള്ള പ്രവൃത്തികൾ മാത്രം പെറ്റി വർക്കുകളിൽ ഉൾപ്പെടുത്തുകയും ചെറിയ പ്രവൃത്തികളെല്ലാം പ്രസ്തുത ഗണത്തിൽ ഉൾപ്പെടുത്തി പദ്ധതിച്ചെലവിൽ നിന്നും മാറ്റി നിർത്തുന്ന പ്രവണത ഒഴിവാക്കേണ്ടതുമാണ്.

**1-37 ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തികൾ - കാലിബാരലിന്റെ വില ഈടാക്കുന്നില്ല**

റോഡ് ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ സീൽഡ് ബിറ്റുമിൻ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത് എങ്കിൽ ബാരലിന്റെ ഉടമസ്ഥ നഗരസഭക്കായതിനാൽ കാലിബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതുണ്ട്. എന്നാൽ 2022-23 വർഷം മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളു ടെ ഫൈനൽ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കിയിട്ടില്ല.

| ക്ര നം | പ്രോജക്ട് വിശദാംശങ്ങൾ | ഈടാക്കേണ്ട തുക @ 238+ Rs 43/-ജി എസ് റ്റി=281 |
|---|---|---|
| 1 | ഒന്നാം മൈൽ പൊന്തനാൽ റോഡ് 187/23,<br>കരാറുകാരൻ.റ്റി എ സുലൈമാൻ ഫണ്ടിനം -ധനകാര്യ കമ്മീഷൻ ഗ്രാന്റ് 200000/- | 3091/- |

| | | |
|---|---|---|
| | ഉപയോഗിച്ച ബാരൽ .11 | |
| 2 | നടക്കൽ ഈഗലക്കയം റോഡ് 231/23,<br>കരാറുകാരൻ.റ്റി എ സുലൈമാൻ<br>ഫണ്ടിനം -ധനകാര്യ കമ്മീഷൻ ഗ്രാന്റ് 100000/-<br>തനത് ഫണ്ട്-241000/-<br>റോഡ് മെയിന്റനൻസ് ഗ്രാന്റ്.83000/-<br>ഉപയോഗിച്ച ബാരൽ .10 | 2810/- |
| | ആകെ | 5901/- |

അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 21/22.01.2024 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. ഈ സാഹചര്യത്തിൽ മേൽ പ്രവൃത്തികളുടെ ഫൈനൽ ബിൽ തയ്യാറാക്കിയ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും തുക ഈടാക്കി ബാരൽ വില ബിറ്റുമിൻ വാങ്ങാൻ ഉപയോഗിച്ച ഫണ്ടിലും ജി എസ് റ്റി ബന്ധപ്പെട്ട അക്കൗണ്ട് ഹെഡിലും അടവാക്കേണ്ടതാണ്.

**1-38 വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്ന പ്രോജക്ടുകൾ ഫലപ്രദമാകുന്നില്ല**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി 2022-23 വർഷം നഗരസഭ വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോനം | പ്രോജക്ട് | ഫണ്ടിനം | ചെലവ് തുക(സുലേഖ ചെലവ് പത്രിക പ്രകാരം) |
|---|---|---|---|
| 34 | തൈപ്പറമ്പ് അങ്കണവാടിക്ക് മുകളിൽ വനിതാ തൊഴിൽ പരിശീലന കേന്ദ്രം | വികസനഫണ്ട് ,പൊതുവിഭാഗം | 64658/- |
| 130 | 126 നമ്പർ അങ്കണവാടിക്ക് മുകളിൽ വനിതാ തൊഴിൽ പരിശീലന കേന്ദ്രം | വികസനഫണ്ട് ,പൊതുവിഭാഗം | 259843/- |
| 33 | ബഡ്സ് സ്കൂൾ അങ്കണവാടിക്ക് മുകളിൽ വനിതാ തൊഴിൽ പരിശീലന കേന്ദ്രവും മീറ്റിംഗ് ഹാളും | വികസനഫണ്ട് ,പൊതുവിഭാഗം | 295329/- |

സ ഉ (കൈ) നം 84/2022 ത സ്വ ഭ വ തീയതി 19/04/2022 ഖ 6-3-14(v) പ്രകാരം വനിതകൾക്ക് തൊഴിൽ പരിശീലനം,നൈപുണ്യം ആർജിക്കുന്നതിനുള്ള പരിശീലനം, തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനുള്ള ഫിനിഷിംഗ് സ്കൂൾ എന്നിവ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാവുന്നതാണ്. ഇത്തരത്തിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ വനിതകൾക്ക് പ്രത്യക്ഷമായി പ്രയോജനകരമാവുന്ന വിധം ഫലപ്രദമാകുന്നുവെന്ന്

ഉറപ്പുവരുത്തേണ്ടത് ഭരണ സമിതിയുടെ ഉത്തരവാദിത്വമാണ്. എന്നാൽ നിലവിലുള്ള അങ്കണവാടി കെട്ടിടങ്ങൾക്ക് മേൽക്കൂര സംരക്ഷണ നിർമ്മിതികളാണ് മേൽ പ്രോജക്ടുകൾ പ്രകാരം നടത്തിയിട്ടുള്ളത്. ബഡ്സ് സ്കൂൾ അങ്കണവാടിക്ക് മുകളിൽ വനിതാ തൊഴിൽ പരിശീലന കേന്ദ്രം എന്ന പ്രോജക്ടിന് നിർമ്മിച്ചിട്ടുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിച്ചെങ്കിലും അങ്കണവാടി സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള മുറിയായി ഉപയോഗിക്കുകയാണെന്ന് പ്രാദേശിക പരിശോധനയിൽ കാണുന്നു. കൂടാതെ വനിതാ തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് മേൽ പ്രോജക്ടുകൾ പ്രകാരം നിർമ്മിച്ച കെട്ടിടങ്ങൾ ഒന്നും തന്നെ നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് ഉപയോഗിക്കാത്തത് പദ്ധതിച്ചെലവിന്റെ ദുരുപയോഗമാണ്. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/22.01.2024)മറുപടി നല്കിയില്ല. വനിതാഘടക പദ്ധതി പ്രോജക്ടുകൾ പ്രകാരമുള്ള ഫണ്ട് ഇപ്രകാരം വകമാറ്റി ചെലവഴിക്കുന്നത് ക്രമപ്രകാരമല്ല. ആയതിനാൽ ഈ ഇനത്തിലെ 619830/- രൂപയുടെ ചെലവ് പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതു വരെ തടസ്സപ്പെടുത്തുന്നു.

**1-39 നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം പ്രവർത്തനം കാര്യക്ഷമമല്ല**

2015 നവംബർ മാസം ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് ഈരാറ്റുപേട്ട നഗരസഭയായി പരിവർത്തനം നടത്തിയെങ്കിലും നഗരസഭാ പ്രവർത്തനങ്ങൾ പ്രസ്തുത നിലവാരത്തിലേക്ക് ഉയർന്നിട്ടില്ല. 2022-23 വർഷത്തെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവക്കുന്നതിന് കഴിഞ്ഞിട്ടില്ല എന്ന് വ്യക്തമാണ്.വിശദവിവരം ചുവടെ ചേർക്കുന്നു.

- വിപുലമായ ഉദ്യോഗസ്ഥ സംവിധാനവും ശുഷ്കമായ പദ്ധതി നടത്തിപ്പും
- കാര്യക്ഷമമല്ലാത്ത ഓഫീസ് മാനേജ്മെന്റ്
- നിയമാനുസൃതമായ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ വീഴ്ച
- പദ്ധതിച്ചെലവിൽ ഉൾപ്പെടാത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം
- ടെണ്ടർ എക്സസ് -പ്രോജക്ടിൽ ഉൾപ്പെടുത്താതെ അധികതുക നല്കുന്നു.
- മുനിസിപ്പൽ എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ട് വിവരം ലഭ്യമല്ല

2022-23 വർഷം നഗരസഭ 123 പ്രോജക്ടുകളുടെ നിർവ്വഹണം മുനിസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തിയെങ്കിലും 61 പ്രോജക്ടുകളാണ് തൻവർഷം നിർവ്വഹണം നടത്തിയത് (പുതിയ പ്രോജക്ടുകൾ 45/98 സ്പിൽ ഓവർ പ്രോജക്ടുകൾ 15/25) . 5.25 കോടി രൂപ അടങ്കലുള്ള പ്രോജക്ടുകൾക്കായി 2.09 കോടി രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത് . എന്നാൽ നഗരസഭയുടെ ഉദ്യോഗസ്ഥ സംവിധാനം പരിശോധിച്ചതിൽ മുനിസിപ്പൽ എഞ്ചിനീയറും 6 ഓവർസിയറും 1 ക്ലാർക്കും ഉള്ള നഗരസഭയിൽ പദ്ധതി അടങ്കലിന്റെ 40% മാത്രമാണ് ചെലവഴിച്ചത് എന്നത് ഗുരുതരമായ വീഴ്ചയാണ്.

ഓഡിറ്റ് സമയത്ത് മുനിസിപ്പൽ എഞ്ചിനീയർ അടക്കം 7 അംഗീകൃത ജീവനക്കാരുള്ള മുനിസിപ്പൽ എഞ്ചിനീയറുടെ കാര്യാലയത്തിൽ 10 ജീവനക്കാർ ഉണ്ട് (4 സ്ഥിരം ജീവനക്കാരും 6 താല്കാലിക ജീവനക്കാരും) എന്നാൽ ഓഫീസ് ഓർഡർ പ്രകാരം 3 സ്ഥിരം ജീവനക്കാർക്കും 1 താല്കാലിക ജീവനക്കാരനും മാത്രമാണ് ചുമതലകൾ നല്കിയിട്ടുള്ളത്. ഇതിൽ നിന്നും 5 താല്കാലിക ജീവനക്കാരെ നിയമിച്ചിട്ടുള്ളത് അനാവശ്യമാണെന്ന് കാണുന്നു.

തദ്ദേശ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19-1-2017 ലെ ഇ7/11350/2015/സി ഇ സർക്കുലർ പ്രകാരം എഞ്ചിനീയറുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ട 15 രജിസ്റ്ററുകൾ നിർദ്ദേശിച്ചിട്ടുണ്ട്. ഇവയിൽ എഗ്രിമെന്റ് രജിസ്റ്റർ മാത്രമാണ് നഗരസഭയിൽ പരിപാലിച്ചുവരുന്നത്. കാഷ് ബുക്ക്,സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, ഇ എം ഡി രജിസ്റ്റർ തുടങ്ങിയ സുപ്രധാന രജിസ്റ്ററുകൾ പോലും ആവശ്യത്തിലധികം ജീവനക്കാരുള്ള എഞ്ചിനീയറുടെ കാര്യാലയത്തിൽ സൂക്ഷിക്കുന്നില്ല.

അടിയന്തിര ഘട്ടങ്ങളിൽ 50000/- രൂപ വരെ അടങ്കലുള്ള പ്രോജക്ടുകൾ ഡി പി സി അംഗീകാരമില്ലാതെ ഏറ്റെടുക്കാമെങ്കിലും (പെറ്റിവർക്കുകൾ) തുടർന്ന് ഡി പി സി അംഗീകാരം വാങ്ങി പദ്ധതിച്ചെലവിന്റെ ഭാഗമാക്കേണ്ടതുണ്ട്. എന്നാൽ ധാരാളം പ്രോജക്ടുകൾ ഇത്തരത്തിൽ ഏറ്റെടുത്ത് ചെയ്യുന്നുണ്ടെങ്കിലും ആയവ പദ്ധതിച്ചെലവിൽ ഉൾപ്പെടുന്നില്ല(ഖ 1-35കാണുക)

പൊതുമരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ എക്സസ് അനുവദിച്ച് എസ്റ്റിമേറ്റിൽ അധികമായി തുക നല്കേണ്ടി

വരുമ്പോൾ ആയതിന് പ്രത്യേക പ്രോജക്ട് തയ്യാറാക്കുകയും അംഗീകാരം ലഭിച്ചശേഷം പ്രസ്തുത പ്രോജക്ടിൽ നിന്നും ചെലവ് നടത്തുകയുമാണ് വേണ്ടത്. എന്നാൽ നഗരസഭയിൽ പ്രോജക്ട് തയ്യാറാക്കാതെ തനത് ഫണ്ടിൽ നിന്നും നേരിട്ട് അധിക തുക നല്കുന്നു.

മുനിസിപ്പൽ എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് , കാഷ്ബുക്ക്/ബാങ്ക്ബുക്ക് എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല.

ഭരണസമിതി വിഷയം പരിഗണിക്കേണ്ടതും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും, അവശ്യം വേണ്ട തസ്തികകളിൽ മാത്രം താല്കാലിക നിയമനം നടത്തി അനാവശ്യ ചെലവ് ഒഴിവാക്കേണ്ടതുമാണ്. യഥാസമയം ടെണ്ടർ നടപടികൾ സ്വീകരിക്കുക, സമയപരിധിക്കുള്ളിൽ കരാർ പ്രവർത്തികൾ പൂർത്തീകരിക്കുന്നു എന്ന് ഉറപ്പ് വരുത്തുക, പദ്ധതി പ്രവർത്തനങ്ങൾ നേരത്തേ ആരംഭിക്കുക തുടങ്ങിയവ ഫലപ്രദമായ പദ്ധതി നടത്തിപ്പിന് അനിവാര്യമാണ്.

**1-40 തെറ്റായ പദ്ധതി നിർവ്വഹണം നഗരസഭക്ക് 39713/- രൂപയുടെ അനാവശ്യചെലവ്**

| | |
|---|---|
| പ്രോജക്ട്/നമ്പർ | ഈഘലക്കയം പമ്പ്ഹൗസ് റോഡ് മെയിന്റനൻസ് 64/2022, 22/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| കരാറുകാരൻ | റ്റി എ സുലൈമാൻ |
| അടങ്കൽ | റോഡ് മെയിന്റനൻസ് ഗ്രാന്റ് , 494000/-<br>തനത് ഫണ്ട് 200000/- |
| ചെലവ് | റോഡ് മെയിന്റനൻസ് ഗ്രാന്റ് 321993/-(21-22)<br>റോഡ് മെയിന്റനൻസ് ഗ്രാന്റ് 172007/-(ബിൽ നം തീ 8/9-12-2022<br>തനത് ഫണ്ട് 181913/-(ചെക്ക് നം ലഭിച്ചില്ല) |

മേൽ പ്രവൃത്തിയുടെ ഇനം 1 ആയി ചെയ്തത് നിലവിലുള്ള 24.72 ഘനമീറ്റർ കല്ല് കെട്ട് പൊളിച്ച് നീക്കുകയായിരുന്നു(Dismantling).ഇതിൽ 14.96 ഘനമീറ്റർ ഉപയോഗയോഗ്യമായത് സൈറ്റിൽ സ്റ്റാക് ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതേ പ്രവൃത്തിയുടെ ഇനം 6 ആയി ചെയ്തിട്ടുള്ളത് 34.359 ഘനമീറ്റർ കല്ല് കെട്ട് ആണ് (DR Masonry). ഇതിന് കരാറുകാരന്റെ കല്ല് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനുള്ള നിരക്കായ 3850/ഘനമീറ്റർ ആണ് നല്കിയിട്ടുള്ളത്. എന്നാൽ 14.96 ഘനമീറ്റർ കല്ല് സൈറ്റിൽ ലഭ്യമായിരിക്കെ ആയതിന് ഡിപ്പാർട്ട്മെന്റൽ സാധനം ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനുള്ള നിരക്കും ബാക്കി 19.399 ഘനമീറ്ററിന് കരാറുകാരന്റെ കല്ല് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനുള്ള നിരക്കും ആണ് നല്കേണ്ടത്.എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ തന്നെ ഡിപ്പാർട്ട്മെന്റൽ സാധനം ഉപയോഗിച്ച് നിർമ്മാണംപരിഗണിക്കാതിരുന്നതു മൂലം കരാറു കാരന് അധിക തുക നല്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| നല്കിയ തുക | |
|---|---|
| ഇനം | നല്കിയ തുക |
| 34.359 ഘനമീറ്റർ കല്ല് കെട്ട് @3850 | 132282 |
| ജി എസ് റ്റി 12% | 15873 |
| ആകെ നല്കിയത് | **148155/-** |
| നല്കാവുന്ന തുക | |
| 19.399 ഘനമീറ്റർ കല്ല് കെട്ട് @3850 | 74686.15 |

| | |
|---|---|
| 14.96 ഘനമീറ്റർ കല്ല് കെട്ട് @1479.84 (എഞ്ചിനീയറിംഗ് വിഭാഗം ലഭ്യമാക്കിയ ഡാറ്റാ പ്രകാരം) | 22138.40 |
| ആകെ | 96823.55 |
| ജി എസ് റ്റി 12% | 11618.82 |
| ആകെ നല്കാവുന്നത് | 108442.37 |

തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയതു മൂലവും അളവ് രേഖപ്പെടുത്തിയപ്പോൾ ആയത് പരിഗണിച്ച് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തൽ വരുത്താത്തതു മൂലവും ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ അപാകത പരിഹരിച്ച് എസ്റ്റിമേറ്റ് പരിഷ്കരിക്കാത്തതു മൂലവും കരാറുകാരന് അധികമായി നല്കിയ 39713/- രൂപക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതു മുതൽ ഫൈനൽ ബിൽ തയ്യാറാക്കിയതു വരെയുള്ള മുഴുവൻ നിർവ്വഹണ ഉദ്യോഗസ്ഥരും ഉത്തരവാദികളാണ്. അധികം നല്കിയ തുക ബന്ധപ്പെട്ട മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടക്കേണ്ടതാണ്.

**1-41 ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷം നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല,

| പ്രോജക്ട്/നമ്പർ | ഫണ്ടിനം | ചെലവ് |
|---|---|---|
| ഇടകളമറ്റം റോഡ് 21/23 | ധന.ക.ഗ്രാന്റ്<br>മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br>ആകെ | 372000<br>717633<br>1089633/- |
| പി സി പരീത് റോഡ് 179/23 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 185179/- |
| ഇടത്തുംകുന്ന് സ്കൂൾ റോഡ് 178/23 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 199822/- |
| നടക്കൽ കൊട്ടകപ്പള്ളി റോഡ് 26/23 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 707172/- |
| ബഡ്സ് സ്കൂൾ സംരക്ഷണ ഭിത്തി 37/23 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 228760/- |
| തൈപ്പറമ്പ് അങ്കണവാടി 34/23 | വികസനഫണ്ട് (സാധാരണം) | 64658/- |
| ആകെ | | 2475224/- |

ഓഡിറ്റ് ആരംഭിക്കുന്നതിന് 15 ദിവസം മുൻപ് ഇന്റിമേഷൻ നല്കുകയും , ഓഡിറ്റ് ആരംഭിച്ച തീയതിയിൽ ഓഡിറ്റ് റിക്വിസിഷൻ നല്കുകയും തുടർന്ന് നേരിട്ടും ആവശ്യപ്പെട്ടിട്ടും 24.75 ലക്ഷം രൂപയുടെ ഫയലുകൾ ഹാജരാക്കാൻ എഞ്ചിനീയറിംഗ് വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ ഫയലുകൾ ഹാജരാക്കാത്ത മേൽ പറഞ്ഞ 5 പ്രോജക്ടുകൾക്കായി വിവിധ ഫണ്ടുകളിൽ നിന്നും ചെലവഴിച്ച 2475224/- രൂപ തടസ്സപ്പെടുത്തുന്നു. ഫയലുകൾ പരിശോധനക്ക് ഹാജരാക്കുകയോ, അല്ലെങ്കിൽ ചെലവ് തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കുകയോ ചെയ്ത് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-42 പി.എം.എ.വൈ. ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളത്.**

ഈരാറ്റുപേട്ട നഗരസഭയുടെ പി.എം.എ.വൈ. ഭവന പദ്ധതിയുടെ രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ കരാർ വെച്ച് ധനസഹായം കൈപ്പറ്റി വീട് പണി തുടങ്ങിയ താഴെപ്പറയുന്ന ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായി കണ്ടു.

| ക്രമ | ഗുണഭോക്താവ് | കൈപ്പറ്റിയ | തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| നം. | | തുക | |
| 1 | സഫിയ ടി.എസ്, മട്ടക്കളപ്പിൽ, നടയ്ക്കൽ | 40000 | 14.09.22 |
| | | 100000 | 11.11.22 |
| | ആകെ | 140000 | |

മേൽ ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് അവശ്യപ്പെട്ട് നൽകിയ 23/22.01.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ ഗുണഭോക്താവ് അസുഖബാധിതയാണെന്നും സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നതിനാൽ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് സാവകാശം ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചു. ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-43 പി.എം.എ.വൈ. ഭവനനിർമ്മാണ പദ്ധതി- ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള ചെലവിന്റെ കൃത്യത വ്യക്തമല്ല.**

പി.എം.എ.വൈ. ഭവനനിർമ്മാണ പദ്ധതിയുടെ സാമ്പത്തിക ഇടപാടുകൾ നടത്തുന്നത് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ഈരാറ്റുപേട്ട ശാഖയിലുള്ള അക്കൗണ്ട് (നം. 720102010002777) വഴിയാണ്. ടി അക്കൗണ്ട് വഴി നടത്തിയിട്ടുള്ള താഴെ ചേർക്കുന്ന ചെലവുകൾ ഏത് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്കാണ്. ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുള്ളത് എന്ന് വ്യക്തമല്ല.

| ക്രമ നം. | തീയതി | ചെലവ് തുക | റിമാർക്ക് |
|---|---|---|---|
| 1 | 30.04.22 | 60000 | പി.എം.എ.വൈ. |
| 2 | 17.06.22 | 100000 | പി.എം.എ.വൈ. |
| 3 | 29.08.22 | 960000 | നെഫ്റ്റ്- പി.എം.എ.വൈ.- ലിസ്റ്റ് പ്രകാരം |
| 4 | 03.10.22 | 800000 | നെഫ്റ്റ്- പി.എം.എ.വൈ.- ലിസ്റ്റ് പ്രകാരം |
| 5 | 18.10.22 | 300000 | നെഫ്റ്റ്- പി.എം.എ.വൈ.- ലിസ്റ്റ് പ്രകാരം |
| 6 | 27.10.22 | 600000 | നെഫ്റ്റ്- പി.എം.എ.വൈ.- ലിസ്റ്റ് പ്രകാരം |
| 7 | 27.10.22 | 80000 | നെഫ്റ്റ്- പി.എം.എ.വൈ.- ലിസ്റ്റ് പ്രകാരം |
| 8 | 27.10.22 | 960000 | നെഫ്റ്റ്- പി.എം.എ.വൈ.- ലിസ്റ്റ് പ്രകാരം |
| 9 | 27.10.22 | 120000 | നെഫ്റ്റ്- പി.എം.എ.വൈ.- ലിസ്റ്റ് പ്രകാരം |
| | ആകെ | 3980000 | |

മേൽ തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തതിന് തെളിവായി യു. റ്റി.ആർ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിരുന്നില്ല. പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് പി.എം.എ.വൈ. യുടെ കാഷ് ബുക്കിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടുമില്ല. മേൽ തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തതിന്റെ ആധികാരിക രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ 22/22.01.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ തുകകൾ ട്രാൻസ്ഫർ ചെയ്തതിന്റെ യു.റ്റി.ആർ വിവരങ്ങൾ ബാങ്കിൽ നിന്നും ലഭ്യമാക്കി. ധനസഹായം അനുവദിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ പി.എം.എ.വൈ. യുടെ കാഷ് ബുക്കിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഔദ്യോഗിക ക്വാർട്ടേഴ്സ് സൗകര്യത്തിനുപുറമെ നഗരസഭ സെക്രട്ടറിക്ക് വീട്ടുവാടക ബത്ത കൂടി അനുവദിച്ചു.

ഈരാറ്റുപേട്ട നഗരസഭ സെക്രട്ടറിയ്ക്ക് ക്വോർട്ടേഴ്സ് വാടക ഇനത്തിൽ പ്രതിമാസം 10000/-രൂപ വീതം 2022-23 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.സർക്കുലർ നം.10/84/fin തിയതി 21.02.1984 പ്രകാരം ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുള്ള ഓഫീസർമാർക്ക് വീട്ടുവാടക ബത്ത അനുവദനീയമല്ല.നഗരസഭ സെക്രട്ടറി ടി സാമ്പത്തിക വർഷം വീട്ടുവാടക ബത്ത ഇനത്തിൽ 43620 രൂപ കൈപ്പറ്റിയിട്ടുണ്ട്.ആയതിന്റെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| മാസം | അടിസ്ഥാനശമ്പളം | അനുവദിച്ച വീട്ടുവാടക |
|---|---|---|
| 04/22 | 59300 | 3558 |
| 05/22 | 60700 | 3642 |
| 06/22 | 60700 | 3642 |
| 07/22 | 60700 | 3642 |
| 08/22 | 60700 | 3642 |
| 09/22 | 60700 | 3642 |
| 10/22 | 60700 | 3642 |
| 11/22 | 60700 | 3642 |
| 12/22 | 60700 | 3642 |
| 01/23 | 60700 | 3642 |
| 02/23 | 60700 | 3642 |
| 03/23 | 60700 | 3642 |
| | ആകെ | 43620 |

നഗരസഭാ സെക്രട്ടറിയ്ക്ക് ക്വോർട്ടേഴ്സ് അനുവദിച്ചിട്ടുള്ളതിനാൽ വീട്ടുവാടക ബത്ത അനുവദിച്ചത് തെറ്റാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും (നമ്പർ 03/19.01.2024)മറുപടി ലഭ്യമാക്കിയിട്ടില്ല. വീട്ടുവാടക ബത്ത ഇനത്തിൽ അനധികൃതമായി അനുവദിച്ച 43620/- രൂപ തിരികെ ഈടാക്കിയും, നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് അടവാക്കിയും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 3-2 തെറ്റായ പദ്ധതി നിർവ്വഹണം നഗരസഭക്ക് 39713/- രൂപയുടെ അനാവശ്യചെലവ്

| | |
|---|---|
| പ്രോജക്ട്/നമ്പർ | ഈലക്കയം പമ്പ്ഹൗസ് റോഡ് മെയിന്റനൻസ് 64/2022, 22/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| കരാറുകാരൻ | റ്റി എ സുലൈമാൻ |
| അടങ്കൽ | റോഡ് മെയിന്റനൻസ് ഗ്രാന്റ് , 494000/-<br>തനത് ഫണ്ട് 200000/- |
| ചെലവ് | റോഡ് മെയിന്റനൻസ് ഗ്രാന്റ് |

| | |
|---|---|
| | 321993/-(21-22)<br>റോഡ് മെയിന്റനൻസ് ഗ്രാന്റ് 172007/-(ബിൽ നം തീ 8/9-12-2022<br>തനത് ഫണ്ട് 181913/-(ചെക്ക് നം ലഭിച്ചില്ല) |

മേൽ പ്രവൃത്തിയുടെ ഇനം 1 ആയി ചെയ്തത് നിലവിലുള്ള 24.72 ഘനമീറ്റർ കല്ല് കെട്ട് പൊളിച്ച് നീക്കുകയായിരുന്നു(Dismantling).ഇതിൽ 14.96 ഘനമീറ്റർ ഉപയോഗയോഗ്യമായത് സൈറ്റിൽ സ്റ്റാക് ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതേ പ്രവൃത്തിയുടെ ഇനം 6 ആയി ചെയ്തിട്ടുള്ളത് 34.359 ഘനമീറ്റർ കല്ല് കെട്ട് ആണ് (DR Masonry). ഇതിന് കരാറുകാരന്റെ കല്ല് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനുള്ള നിരക്കായ 3850/ഘനമീറ്റർ ആണ് നല്കിയിട്ടുള്ളത്. എന്നാൽ 14.96 ഘനമീറ്റർ കല്ല് സൈറ്റിൽ ലഭ്യമായിരിക്കെ ആയതിന് ഡിപ്പാർട്ട്മെന്റൽ സാധനം ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനുള്ള നിരക്കം ബാക്കി 19.399 ഘനമീറ്ററിന് കരാറുകാരന്റെ കല്ല് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനുള്ള നിരക്കം ആണ് നല്കേണ്ടത്.എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ തന്നെ ഡിപ്പാർട്ട്മെന്റൽ സാധനം ഉപയോഗിച്ച് നിർമ്മാണംപരിഗണിക്കാതിരുന്നതു മൂലം കരാറു കാരന് അധിക തുക നല്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| നല്കിയ തുക | |
|---|---|
| ഇനം | നല്കിയ തുക |
| 34.359 ഘനമീറ്റർ കല്ല് കെട്ട് @3850 | 132282 |
| ജി എസ് റ്റി 12% | 15873 |
| ആകെ നല്കിയത് | **148155/-** |
| **നല്കാവുന്ന തുക** | |
| 19.399 ഘനമീറ്റർ കല്ല് കെട്ട് @3850 | 74686.15 |
| 14.96 ഘനമീറ്റർ കല്ല് കെട്ട് @1479.84 (എഞ്ചിനീയറിംഗ് വിഭാഗം ലഭ്യമാക്കിയ ഡാറ്റാ പ്രകാരം) | 22138.40 |
| ആകെ | 96823.55 |
| ജി എസ് റ്റി 12% | 11618.82 |
| ആകെ നല്കാവുന്നത് | **108442.37** |

തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയതു മൂലവും അളവ് രേഖപ്പെടുത്തിയപ്പോൾ ആയത് പരിഗണിച്ച് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തൽ വരുത്താത്തതു മൂലവും ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ അപാകത പരിഹരിച്ച് എസ്റ്റിമേറ്റ് പരിഷ്കരിക്കാത്തതു മൂലവും കരാറുകാരന് അധികമായി നല്കിയ 39713/- രൂപക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതു മുതൽ ഫൈനൽ ബിൽ തയ്യാറാക്കിയതു വരെയുള്ള മുഴുവൻ നിർവ്വഹണ ഉദ്യോഗസ്ഥരും ഉത്തരവാദികളാണ്. അധികം നല്കിയ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടക്കേണ്ടതാണ്. പ്രസ്തുത അധിക ചെലവിന് ഈ റിപ്പോർട്ടിലെ ഖ.4-10 ബി യിൽ പേര് പരാമർശിക്കുന്ന സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ പ്രാഥമികമായി ബാധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 2022-23 | 21.07.2023 | 19.01.2024 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

**4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം**

സംയുക്ത പ്രോജക്ടിനായി 2022-23 വർഷം ഈരാറ്റുപേട്ട നഗരസഭയ്ക്ക് മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ഫണ്ടുകൾ ഒന്നും ലഭിച്ചില്ല.

**4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

2022-23 വർഷം വിവിധ പ്രോജക്ടുകളിലായി വിവിധ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ എസ് ഇ ബി | 197/22-23 പോലീസ് സ്റ്റേഷൻ വാക്കാംപറമ്പ് റോഡ് പോസ്റ്റ് മാറ്റൽ കെ എസ് ഇ ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ | 140053 | 0 | 140053 |
| കെ എസ് ഇ ബി | 285/22-23 ഡിവിഷൻ 67 ഇലക്ട്രിക് പോസ്റ്റ് മാറാൻ കെ എസ് ഇ ബിയിൽ തുക നൽകൽ | 121648 | 0 | 121648 |

*മേൽ പ്രോജക്ടുകളുടെ വിനിയോഗവിവരം നാളിതുവരെ ലഭ്യമായിട്ടില്ല. ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം വാർഷിക കണക്കുകളിലെ ഡെപ്പോസിറ്റ് ശീർഷകത്തിൽ (ബി 18) ഉൾപ്പെടുത്തിയിട്ടില്ല.

**4-4 മൊബിലൈസേഷൻ അഡ്വാൻസ്**

2022-23 വർഷം കൺവീനർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതിക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

**4-5 വായ്പ/വായ്പ തിരിച്ചടവ്**

2022-23 വർഷം നഗരസഭയ്ക്ക് KURDFC വായ്പയൊന്നും ലഭിച്ചിട്ടില്ല. തൻവർഷം വായ്പ സർക്കാർ ഗ്രാന്റ് സ്രോതസ്സിൽ കുറവ് ചെയ്ത് തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | 2021-22 വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | G.O(MS) 68/2018/LSGD 18/05/2018 | 87,520,000/- | ഇല്ല | 7,293,334/- | - | 80226666/- |

വികസന ഫണ്ടിൽ (ജനറൽ) നിന്നും 290/22-23, 292/22-23 എന്നീ പ്രോജക്ടുകൾ പ്രകാരം 7253334/- (3626667 X 2) രൂപയും വികസന ഫണ്ട് (എസ് സി പി) യിൽ നിന്നും 258/22-23, 293/22-23 എന്നീ പ്രോജക്ടുകൾ പ്രകാരം 40000/- (20000 X 2) രൂപയും ഉൾപ്പടെ ആകെ 7,293,334/- രൂപയാണ് സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത്. എന്നാൽ എസ് സി പി വിഹിതത്തിൽ നിന്നും 258/22-23 പ്രകാരമുള്ള 20000/- രൂപയുടെ തിരിച്ചടവ് മാത്രമേ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടുള്ളൂ. ആയതിനാൽ 31.03.2023 ലെ ബാലൻസ് ഷീറ്റിൽ 293/22-23 പ്രകാരമുള്ള 20000/- രൂപയുടെ തിരിച്ചടവ് പ്രതിഫലിച്ചിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത 2022-23 വർഷം തന്നെ പരിഹരിച്ച് വായ്പ ശീർഷകത്തിലെ നീക്കിയിരിപ്പ് കൃത്യമാക്കേണ്ടതാണ്.

### 4-6 സ്ഥിരനിക്ഷേപങ്ങൾ

ഈരാറ്റുപേട്ട നഗരസഭയുടെ 31.03.2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം 20 ലക്ഷം രൂപ ഇക്വിറ്റി ഷെയർ ആസ്തി ഉള്ളതായി കാണുന്നു (കണക്ക് ശീർഷകം – 420500100). 04.03.2016 ലെ സ.ഉ.(സാധാ) നം.1126/2016/തസ്വഭവ ഉത്തരവ് പ്രകാരം അനുമതി നൽകിയതിൻ പ്രകാരമാണ് നഗരസഭ ഷെയർ വാങ്ങിയത്. 2013-ലെ കമ്പനീസ് ആക്ട് സെക്ഷൻ 46(3) പ്രകാരം CLEAN KERALA COMPANY LIMITED ലഭ്യമാക്കിയ ഷെയർ സർട്ടിഫിക്കറ്റിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| ഷെയർ നൽകിയ കമ്പനി | CLEAN KERALA COMPANY LIMITED |
| കമ്പനി കോർപ്പറേറ്റ് ഐ.ഡി. | U90000KL2013SGC035624 |
| ഷെയർ ലെഡ്ജർ ഫോളിയോ | N-18 |
| ഷെയർ സർട്ടിഫിക്കറ്റ് നം. | 54 |
| ഷെയറുകളുടെ എണ്ണം | 1000 രൂപയുടെ 2000 എണ്ണം |
| ഷെയർ ഡിസ്റ്റിങ്റ്റീവ് നം. | 91516 മുതൽ 93515 വരെ |
| ഷെയർ എടുത്ത തീയതി | 26.12.2016 |
| 26.12.2016-ലെ ഷെയർ മൂല്യം | 20 ലക്ഷം രൂപ |

26.12.2016 തീയതിയിൽ 20 ലക്ഷം രൂപ മൂല്യമുണ്ടായിരുന്ന ഷെയർ 5 വർഷത്തിന് ശേഷവും അതേ മൂല്യത്തിൽത്തന്നെ നിൽക്കുന്നതായി 31.03.2023 ലെ ബാലൻസ് ഷീറ്റിൽ കാണുന്നു. 2016 വർഷത്തിൽ എടുത്ത ഷെയറിന്റെ ആസ്തിമൂല്യം 2022-23 വർഷം വരെയും പുതുക്കിയതായി വാർഷിക കണക്കുകളിൽ കാണുന്നില്ല.
ഇക്വിറ്റി ഷെയറിന്റെ ആസ്തിമൂല്യം ഓരോ സാമ്പത്തിക വർഷത്തേതും കമ്പനിയിൽ നിന്നും സ്റ്റേറ്റ്മെന്റ്/പത്രിക(Share Value Statement) ലഭ്യമാക്കി കൃത്യമായി അക്കൗണ്ട് ചെയ്യാതിരുന്നതിനാൽ ധനകാര്യ പത്രികയിൽ നിലവിലെ ആസ്തിമൂല്യം പ്രതിഫലിക്കുന്നില്ല. ഷെയറിന്റെ മൂല്യം കൃത്യമായി ലഭ്യമാക്കി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തി വിശദാംശം അറിയിക്കേണ്ടതാണ്. നിലവിലെ ഷെയർ വാല്യു പത്രികയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.

### 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9 പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 13,999/- രൂപ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിപാലിക്കാത്തതിനാൽ വിശദാംശം ലഭ്യമല്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും ഓഡിറ്റ് റിക്കവറി കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഈരാറ്റുപേട്ട നഗരസഭയുടെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

**4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം**

ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : 13,90,25,086/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : 11,10,49,986/- |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 83,333/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 72,72,017.12/- |

**(ബി) മുനിസിപ്പൽ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 (1-24) | - | 43620.00 | സുമയ്യ ബീവി സെക്രട്ടറി |
| 3-2 (1-40) | - | 39713.00 | സാന്ദ്ര ബൈജു മുനിസിപ്പൽ എഞ്ചിനീയർ |
| ആകെ | - | 83333.00 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 423160.12 | സുമയ്യ ബീവി സെക്രട്ടറി |
| 1-26 | 549106.00 | സുമയ്യ ബീവി സെക്രട്ടറി |
| 1-27 | 16652.00 | സുമയ്യ ബീവി സെക്രട്ടറി |
| 1-28 | 391029.00 | സുമയ്യ ബീവി സെക്രട്ടറി |
| 1-29 | 1336701.00 | സുമയ്യ ബീവി സെക്രട്ടറി |
| 1-30 | 93646.00 | സുമയ്യ ബീവി സെക്രട്ടറി |
| 1-31 | 998126.00 | സുമയ്യ ബീവി സെക്രട്ടറി |

| | | |
|---|---|---|
| 1-32 | 100000.00 | മിനി ജോസഫ്<br>ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-33 | 187403.00 | ഡോ. രശ്മി പി ശശി<br>മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി) |
| 1-34 | 81140.00 | ഷൈജു ടി എസ്<br>പ്രിൻസിപ്പൽ, ഗവ. എച്ച് എസ് എസ് |
| 1-38 | 619830.00 | സാന്ദ്ര ബൈജു<br>മുനിസിപ്പൽ എഞ്ചിനീയർ |
| 1-41 | 2475224.00 | സാന്ദ്ര ബൈജു<br>മുനിസിപ്പൽ എഞ്ചിനീയർ |
| ആകെ | 7272017.12 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുമയ്യ ബീവി<br>സെക്രട്ടറി | സെക്രട്ടറി<br>പുനലൂർ നഗരസഭ | ഷിയർ മൻസിൽ<br>വെട്ടു റോഡ്<br>കണിയാപുരം പി ഒ<br>പള്ളിപ്പുറം പി ഒ<br>തിരുവനന്തപുരം - 01 |
| സാന്ദ്ര ബൈജു<br>മുനിസിപ്പൽ<br>എഞ്ചിനീയർ | അസിസ്റ്റന്റ്<br>എഞ്ചിനീയർ<br>വെച്ചൂർ<br>ഗ്രാമപഞ്ചായത്ത് | ചൈത്രം ഹൗസ്<br>കരിപ്പാടം പി ഒ<br>തലയോലപ്പറമ്പ് -<br>686605 |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31.03.2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം |
|---|---|---|
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി8/91 /2017/ 29.01.2018 | 42 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി17/1517 /2017/ 19.02.2018 | 26 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി17/191 /2019/ 21.03.2019 | 39 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി17/108 /2020/ 23.10.2020 | 56 |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി17/158 /2022/ 22.03.2022 | 30 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി17/159 /2022/ 30.03.2022 | 52 |
| 2021-22 | കെ.എസ്.എ.-കെ.ടി.എം.പി17/277 /2023/ 11.07.2023 | 50 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 9/1 dated 12-07-2023 and submitted on 21-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Erattupetta Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Erattupetta Municipality for the year 2022-2023

**Date:** 12/03/2024

Senior Deputy Director
District Office Kottayam
Kerala State Audit Department

# Audit Report appended to the Audit Certificate of Erattupetta Municipality for the Year 2022-2023 .

**1.Major Observations**

1. Non maintenance of source documents in support of authenticity of General Fund and Capital Contribution.
2. The asset value shown in Balance Sheet is not traceable to Asset register due to unsupported design of existing asset register.

**2.Other Observations**

1. Closing Balance of Specific purpose grants are not seen accounted as liability in respective heads, instead it is shown in a Single Account Code (320100100). Hence the accuracy of Rs.2.69Cr.shown as liability in the Account Code-320100100 and the accuracy of total liability of Rs.4.76Cr as per B4-Schedule could not be varified in audit.
2. ACR is not properly maintained for recording allotment and utilization of various Specific Purpose Grants. (As per B4- Schedule the total liability in respect of these items are worked out as Rs.4.76 cr.)
3.The correctness of entries regarding various deposits as shown in AFS is not traceabe to Deposit Register due to its defective maintenance (B7- Schedule reflects a liability of Rs.23.07 Lakh in this respect).
4. Position of liability in respect of dues to Govt. and other institutions as shown in the balance sheet could not be verified in the absence of supporting registers (Hence the accuracy of Rs.39.94Lakh shown as liability in B9

Schedule, including dues to Govt.and other institutions could not be varified in audit).

5. In the absence of worksheets, the authenticity of depreciation provided on various fixed assets an accounted for the year has not been ensured in audit. The amount of depreciation has not been charged against the fixed assets concerned, instead which is shown seperately as accumulated depreciation.

6. Demand registers of certain tax and non tax items are not maintained in such a way as to cross check the correctness of accrual entries.

7. DCB of property tax does not match with that of AFS.

8. KURDFC loan repayment of Rs. 20000/- is not accounted in proper head. Hence the corresponding amount of deduction is not refelcted in the Balance Sheet.

9. Profession tax of municipal employee adjusted as salary recovery not reflected in the Receipt and Payment statement.

10. Advance register is not maintained in such a way as to cross check the correctness of entries in AFS.

11. The amount deposited in KSEB is not accounted in AFS and not shown as asset in the corresponding head.

12. Ayyankali Urban EGS accounts in cash book does not match with amounts in AFS.

13.Expenditure amount in respect of Beneficiary Contribution from Municipal Fund is not accounted in AFS.

14. Expenditure amount in respect of Unemployment allowance is not accounted in AFS.

15. Details of amount adjusted as Prior Period Amount (I-18) is not made available to check the correctness of entries in AFS.

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്